118

O32,1M77;23 G2 MANIMANJUSHA PARAMESWARA IYER

118

MURUGAN BINDING WORKS
NO. 3. BOMMULU IYER STREET
ELEPHANTGATE, MAD...

MADRAS UNIVERSITY.

DEPARTMENTAL LIBRARIES.

DOCTRINA VIM PROMOVET INSITAM

Call Number O32:1M77:23 G2

Accession Number 89404

118

Section 32D

This book should be returned on or before the date last marked below.

# മണിമഞ്ജുഷ.

റാവുസാഹിബ് ഉള്ളൂർ എസ്. പരമേശ്വരയ്യർ.

148

32D
032:1M77:23
G2

18 MAR 1957
Manimanjusha

# മണിമഞ്ജൂഷ.

റാവുസാഹിബ് ഉള്ളൂർ
എസ്. പരമേശ്വരയ്യർ.
S. Parameswara Iyyer
എം. എ., ബി. എൽ.

പകൎപ്പവകാശം ഗ്രന്ഥകൎത്താവിൽ.

ഒന്നാംപതിപ്പ് കാപ്പി ൧൦൦൦.

"ഭാഷാഭിവൎദ്ധിനി" പ്രസ്സ്.

1108. 1933.

[വില രൂപാ ൧.

B. V. BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM, TRICHUR.

☞ ഗ്രന്ഥകൎത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

23.MAR.19 1

32·D

89404

032:1M77:23

G2

# വിഷയാനുക്രമണി.


| | | |
|---|---|---|
| 1. | പ്രേമസങ്ഗീതം. ... ... | 1 |
| 2. | ദിവ്യദർശനം. ... ... | 6 |
| 3. | കീശസന്ദേശം. ... ... | 16 |
| 4. | പ്രഭുസമക്ഷം. ... ... | 28 |
| 5. | മൃണാളിനി. ... ... | 31 |
| 6. | ഐക്യഗാഥ. ... ... | 51 |
| 7. | ഭാമ. ... ... | 53 |
| 8. | മാറ്. ... ... | 67 |
| 9. | ഭാവനാഗതി. ... ... | 75 |
| 10. | അതുമിതും. ... ... | 87 |
| 11. | ആ കണ്ണുനീർ. ... ... | 89 |
| 12. | ഭാവി. ... ... | 93 |
| 13. | കാലം. ... ... | 94 |
| 14. | സ്വർഗ്ഗവും നരകവും ... ... | 95 |
| 15. | താരകോപദേശം. ... ... | 96 |


——*——

23.MAR.19 7

# മണിമഞ്ജൂഷ.

S. PARAMESVARA IYER
TRIVANDRUM
B.A., B.L.

## പ്രേമസംഗീതം.

### I

ഒരൊററ മതമുണ്ടുലകി,ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെനമ്മെപ്പാലമൃതൂട്ടും പാർവ്വണശശിബിംബം.
ഭക്ത്യനുരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തിക്യം താൻ ദ്വേഷം; ലോകത്തി-
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യുഫലം.
മാരണദേവതയാമതു മാററും മന്നവര പട്ടടയായ്;
മട്ടമലർവാടിക് മരുപ്പറമ്പായ്; വാനം നാരകമായ്.

### II

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പൂ സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നൽകൂ;

പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?
പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻ പുമാനും പ്രകൃതിസഹായൻ പ്രപഞ്ചഘടനത്തിൽ.
പൊത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയ്പു മേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പു സംഹൃതി
[യിൽ.
വിരിഞ്ഞുനില്പൊരു സുമമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പു സവിധത്തിൽ.
മധുവ്രതത്തിനു മട്ടുമലർ വേണം മനംകുളിർപ്പിപ്പാൻ:
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ.
പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടും-
[ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ.
ചൂടാൻ മലരും ഘനമായ്ത്തോന്നിന ദോഹദകാലത്തിൽ-
ച്ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി.
പിതാവു, മാതാ, വുടപ്പിറന്നോർ, ബന്ധ്വ,രിഷ്ടന്മാർ,
പ്രേയസി, മക്കൾ, ഭുജിഷ്യർ, തുടങ്ങി പ്രേമപരാധീനർ—
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതി
[മൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പ-
[ദമായ്.

## III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം;
പ്രപഞ്ചമസ്മൽഭാവവിഡംബനപാടവമാന്ന നടൻ.
പ്രപഞ്ചഭൂമിയിൽ വിതച്ച വിത്തിൻ ഫലത്തെ നാം കൊ
[യ്‌വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകാരത്തിനുപകരം.
വിളക്കുകൈവശമുള്ളവനെങ്ങും വിശ്വം ദീപമയം;
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ;-
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?
പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം; നടുകിൽത്തിന്നാം; നൽകുകിൽ നേടീടാം;
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ.
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ.
പാഷാണൌഷധിപക്ഷിമൃഗാദികൾ പലപല വടിവു-
[കളിൽ;
പ്രകൃതിലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.

പേൎത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോൎക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം;
ഉലകാമൃതമവിദ്യാലയമിതിലുപകാരോപനിഷ-
ത്തോതിക്കോനവരുപദേശിപ്പതുമുറക്കവേ കേൾക്കാം.
ഏകോദരസോദരർ നാമേവരു,മെല്ലാജ്ജീവികളും
ലോകപടത്തിൽ തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ.
അടുത്തു നില്പോരനുജരെനോക്കാനക്ഷികളില്ലാത്തോ-
ൎക്കുപനീശ്വരദൃശ്യനായാലതിലെന്താശ്ചൎയ്യം?
അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ-
സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.
അഴ്‌വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടപ്പൻപുലയനിലു-
ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം.
അരചക്രചനുമടിമയ്ക്കൂടിമയുമഭിന്നർ; ഉള്ളിലവ-
ൎക്കതിൽക്കൊളുത്തിയ തിരിതാൻ കത്തുവതന്തഃകരണാഖ്യം.

## IV

നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!
നരാഖ്യമങ്ങേ നൎത്തകഗണമിതിൽ ഞാനുമൊരല്പാംഗം.
വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;
വിശ്വപ്രിയമായ് നടനം ചെയ്വതു വിധേയനെൻകൃത്യം.

അരങ്ങുലയ്ക്കാനരചൻ മതിയാ,മതിനുകൊഴുപ്പേകാ-
നനുചരനാവാ, മണിയാടകളല്ലഭിനയ,മതുസിദ്ധം.
അകമേ നിലകൊണ്ടതാത്തുചുവടുകളാ,മരു,തെന്നുതിരി-
ച്ചടിയനു കാട്ടിത്തരുവോനവിടു,ന്നമ്പ്യർ ധരിക്കാതെ.
അതൊന്നു കാണ്മാൻ മിഴികൾത്തുറന്നാലന്നിമിഷംമുതൽ-
[ഞാ-
നരങ്ങുമണിയറയും പുകഴും മട്ടാടാനതിചതുരൻ.
പരാപരാത്മൻ! ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാൺമൂ
ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?
പരസുഖമേ സുഖമെനിക്കു നിയതം; പരദുഃഖം ദുഃഖം;
പരമാർത്ഥത്തിൽപ്പരനും ഞാനും ഭവാനുമൊന്നല്ലീ?
ഭവാനധീനം പരമെന്നുടലും പ്രാണനും; അവ രണ്ടും
പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം!!

——(൦)——

# ദിവ്യദർശനം.

---

## I

ആഴിത്തിമിങ്ഗിലത്തിൻപഴമായ്‌വീഴ്ത്തി-
യാദിത്യബിംബത്തെയന്നും ദൈവം;
തൻതല പൊന്തിച്ചു നില്പായി ക്രൂരിരു-
ട്ടന്തകനേറിന പോത്തുപോലെ. ൧

മങ്ങിന വെണ്മതിക്കീറിനാൽ പാഴ്‌നിലാ-
വങ്ങിങ്ങൊരല്പാല്പമല്ലതിത്തു;
രോഷത്തിൻ മൂർച്ഛയിൽ ദംഷ്ട്രയാൽ താൻ തൂകും
ഹാസത്തിന്നങ്കുരമെന്നപോലെ. ൨

മിന്നാമിനുങ്ങുകൾ മുററത്തിൽ ചാഞ്ചാടി
മിന്നിയും മങ്ങിയും മാറിമാറി;
ജന്മവും മൃത്യുവുമെന്തെന്നു ലോകത്തെ-
ത്തന്മയരീതിയിൽക്കാട്ടിക്കാട്ടി. ൩

വ്യാത്തമാം സൃഷ്ടിതൻ വക്ത്രത്തിന്നേതുമി-
ല്ലാന്തര,മദ്ഭുതം സർവ്വഭക്ഷം;
പാരിടം നിർജ്ജീവപ്രായമായ് തീർന്നുപോയ്
മാരിയാമായതിൻ ഛായ തട്ടി. ൪

## II

അത്തരമുള്ളോരു രാത്രിയിൽ ഞാനുമെൻ
മെത്തയെ പ്രാപിച്ചേൻ വീതോന്മേഷം;
ജാലകമാൎഗ്ഗമായ് നോക്കിനേൻ ചുററിലു-
മാലേഖ്യരൂപത്തിൽ വാച്ച ലോകം.
കൺമിഴി ചിമ്മിപ്പോയ് കാററിന്നും; മൂളീല
മൎമ്മരമുൎമ്മരനന്മരങ്ങൾ.
ചീവീടും ശബ്ദിച്ചീ,ലോപ്പോളം ഭീമമി-
ദ്ദൈവികസ്തംഭനസമ്പ്രദായം.
ഇക്കയമാളുവതേതൊരു കാളിയ,-
നിശ്ശാന്തമേതൊരു രൌദ്രദൂതൻ?
പ്രാകൃതമാകുമീ മൌനവ്രതത്തിന്നു
പാരണയാവതുമേതു ശാപം?

## III

അക്കേൾക്കും ശബ്ദമെന്താസന്നമൃത്യുവി-
ന്നാക്രന്ദനംപോലെ ദീനദീനം?
അ മട്ടിൽ താഡിപ്പൂ സാഗരം ഘോരയാം
താമസീദേവിതൻ ജൈത്രഭേരി!

രഞ്ജിപ്പൂ ശബ്ദമൊന്നെന്നരികത്തു,മെൻ
നെഞ്ഞിടി മാററൊലിക്കൊണ്ടപോലെ;
മൽഘടികാരത്തിൻ ഗൌളിച്ചൊല്ലാണതു;
ടിക്ടിക്കോ ധിക്ധിക്കോ തിട്ടമില്ല. ൩൬

## IV

ഉററു ഞാൻ വീണ്ടുമതെന്തെന്നുനോക്കവേ
മുററുമെൻ മുന്നിലൊരുത്തമയാൾ
എന്നുൾത്തടംവിട്ടു നിൽക്കയായ്; ഹന്ത! ഞാ-
നന്നിൽപ്പു കണ്ടൊന്നു ഞെട്ടിപ്പോയി! ൪൦
വക്ത്രാബ്ജം താഴ്ത്തിയും, ബാഷ്പനീർ വീഴ്ത്തിയും,
തപ്തമായ് ദീർഘമായ് നിശ്വസിച്ചും,
തൻവലംകൈകൊണ്ടു പൂങ്കവിൾ താങ്ങിയും,
താമ്രാധരത്തിങ്കൽ പല്ലണച്ചും, ൪൪
കൺമുനനനഞ്ഞതണിക്കുരമ്പിടയ്ക്കിട-
യ്യെൻമർമ്മമോരോന്നു നോക്കിയെയ്തും,
ഏതവൾ നഷ്ടയാം വാസരലക്ഷ്മിതൻ
പ്രേതത്തിൻ മട്ടിൽ വന്നങ്ങു നില്പോൾ. ൪൮

## V

അന്യയല്ലദ്ദേവി കാരുണ്യമൂൎത്തിയാ-
മെന്നന്തൎയ്യാമിതൻ ധൎമ്മപത്നി;
ലജ്ജാഭിധാന താൻ: "മാതാവേ! കൈതൊഴാം:—
പശ്ചാത്താപാഹസ്സിൻ പ്രാതസ്സന്ധ്യ!
അമ്മതൻ പ്രത്യക്ഷദൎശനമൊന്നിനാൽ
ജന്മത്തെസ്സാൎത്ഥമായ്ത്തീൎത്തവൻ ഞാൻ
ത്രസ്തനല്ലെൻതായാട്ടെത്രമേലമ്മയെ
ക്രുദ്ധയാക്കീടിലും ശൎമ്മദാത്രി!
അമ്മതന്നിംഗിതമെന്തെന്നു ചൊല്കയാ-
ണിംമ്മണി"പ്പൈങ്കിളി മൂളി മൂളി.
ഇത്തമിസ്രാഞ്ജനം മൂലമായ് കാൺമു ഞാൻ
തദ്വചഃപേടകതതചാരണം.

## VI

സത്യം ഹാ! മാതാവേ! സത്യമെൻ ജീവിത-
മൌക്തികമാലയിൽ നിന്നു വീണ്ടും
ചേലാന്ന മുത്തടന്നിന്നുമൊന്നന്തിയിൽ
കാലാബ്ധിമദ്ധ്യത്തിൽ വീണുപോയി!

ഭാനുവെൻ ജീവിതപാത്രത്തിൽ നിന്നിന്നും
പാനീയബിന്ദുവൊന്നാവിയാക്കി;
ചൂറവുമിന്നന്തകൻ തൻകയറെന്മെയ്യിൽ
ചുററുകയായ് പിണഞ്ഞൊന്നുകൂടി. ൩൪

ഭാവിയെട്ടൂരെ ഞാൻ കാണവെ,വന്നതു
ഹാ! വർത്തമാനമായ് മുന്നിലെത്തി
ഭൂതമായ് പ്പായുന്നു പെട്ടെന്നു പിന്നിലേ-
യ്ക്കൈതിഹ്യം വൈകിച്ചോനാക്കിയെന്നെ. ൩൬

കാലത്തിൻ ഹാസത്തിൻ മട്ടിലെന്നാസ്യത്തിൽ
മേളിപ്പൂ വെൺനരയങ്ങുമിങ്ങും;
ആ മൃഗാധീശൻതൻ വീരപ്പ,ല്ലബ് ജത്തിൽ
ഹേമന്തം വീഴ്ത്തിന മഞ്ഞുതുള്ളി! ൩൮

ചിമ്മിടുമെൻ മിഴി വീണ്ടും തുറന്നിടാം,-
മുന്നിമിഷത്തല്ലെന്നും വന്നുപോകാം!
ബാക്കിലെന്തുണ്ടിനിബ്ബാക്കിയെന്നാർ കണ്ടു!
ഞാൻ കഷ്ടമത്രമേൽ ദീനദീനൻ! ൪൦

അർക്കബിംബാഖ്യമാമാരക്തദീപത്തെ-
പ്പൊക്കിയും താഴ്ത്തിയും കാട്ടി നിത്യം
ഹാ! വിധി "ദൂരേടം ദൂരേടം ജീവിത-
ത്തീവണ്ടിപ്പാത"യെന്നല്ലീ ചൊൽവൂ? ൪൨

# VII

എന്തു ഞാനിപ്പകൽ മുപ്പതുനാഴിക
കൊണ്ടൊന്നു നേടിയതെന്നു പാർത്താൽ
കാണ്മതില്ലൊന്നുമേ; ചുററിനേൻ വ്യർത്ഥമ-
പ്പാഴ്മണൽക്കാട്ടിലൊരൊട്ടകമായ്.

എന്നമ്മ ഭാരതഭൂദേവി, യസ്സാക്ഷാൽ
സ്വാതന്ത്ര്യശുദ്ധയാം ധർമ്മലക്ഷ്മി;
ശ്രീകൃഷ്ണബുദ്ധാദിസിദ്ധരെപ്പെററവൾ;
ലോകത്തിന്നദ്ധ്യാത്മജ്യോതിർദ്ദീപം;

ഏതൊരു കുന്നിന്മേൽ വാണവൾ പണ്ടിപ്പോ-
ളേതൊരു കൂപത്തിൽ വീണുപോയോൾ;
ആരുടെ കല്ലേറുകൊള്ളാത്തോൾ, ഹാ കഷ്ട-
മാരുടെ കാൽച്ചവിട്ടേററിടാത്തോൾ!

കാതര്യമില്ലേതു ദുർവ്വാക്കുമോതുവാൻ
കാതറെറൻതൊമെയോയ്ക്കും ക്രുട്ടകാക്കും!
സാധ്വിയെബ്ഭത്സിക്കും ധൂർത്തമാരക്കൂട്ട-
മീട്ടിയെദ്ദംശിക്കും വെൺചിതൽകൾ;

എന്നാലുമായവർ തേപ്പതാംപ്പാഴ്പങ്ക-
മെന്നാലൊന്നാമ്മട്ടിൽ ക്ഷാളിച്ചീടാൻ.

തന്നമ്മതൻ ദാസ്യം തീർക്കുവാനേവൻപോയ്-
വിണ്ണിലെപ്പീയൂഷം കൊണ്ടുവന്നു; ൬൪

ധന്യനത്താർക്ഷ്യൻതന്നൈതിഹ്യം ബാല്യത്തിൽ
സ്തന്യത്തോടൊപ്പമായ് പ്പാനംചെയ്തോൻ;
ഓർത്തീല—ഞാൻ—ഒററക്കണ്ണീർമുത്തെങ്കിലും
മാതൃദേവിതൻ കാൽക്കലെപ്പിച്ചീടാൻ. ൬൫

എന്നുടെ ഭ്രതികൊണ്ടെന്നമ്മതൻപുകൾ-
ക്കണ്ണാടിതേച്ചു മിനുക്കിടാതെ
പേർത്തും ഞാൻ കൈകൊട്ടിക്കാണ്കയാണായതിൻ
സ്വാർത്ഥാപസ്മാരത്തിൻ നഗ്നനൃത്തം! ൬൬

ഭാരതമേദിനിക്കേതുമേ ദാരിദ്ര്യ-
പാരതന്ത്ര്യാദികളല്ല ഭാരം;
സോദരഘാതികൾ നൂനക്കൾ താൻ ഭാരം—
സോദരപൂരകർ മാതൃശന്മാർ. ൬൭

## VIII

ഞാനഭിവാദനംചെയ്യുന്നേൻ മാമക-
മാനസഹംസികേ! ലജ്ജാദേവി!
നിൻജയം വായ്ക്കട്ടെ പാരെങ്ങും; ഞാൻ നിന-
ക്കഞ്ജലികൂപ്പിടാമാവോളം! ൬൮

ആമയമേതെല്ലാം വന്നാലും മാതാവേ!
നീ മൃതയല്ലെന്നാൽ ഞാൻ സനാഥൻ;
ആശയത്തിങ്കൽ നീയങ്ങെങ്ങാനുണ്ടെങ്കി-
ലാശയ്ക്കു ബാഹ്യമല്ലെന്റെ ജന്മം. ൧൨൪

ക്രോധിക്കൂ! ഭത്സിക്കൂ! താഡിക്കൂ! തായേ! നീ;
പാതകി ഞാൻ ബാലൻ താവകീനൻ.
ഇക്ഷണം നിൻകണ്ണും ജിഹ്വയും പാണിയു-
മക്ഷയവാത്സല്യനിഘ്നമാകും. ൧൨൫

ആഗസ്സിൻ ഛായ നീ താപത്തെ ഗ്രീഷ്മാന്ത-
മേഘത്തിൻ രൂപത്തിൽ നൽകിയാലും
തീരില്ല വീഴാതെ നിന്നിൽനിന്നന്ത്യത്തിൽ
കാരുണ്യശീതളബാഷ്പബിന്ദു. ൧൩൨

എന്നെ നീ ഞാനാവാനല്ലയോ മേല്ക്കുമേൽ
പിന്നെയും പിന്നെയും മർദ്ദിക്കുന്നു?
എത്രമേൽ മർദ്ദിച്ചാലെ,ന്തെനിക്കപ്പുറം
മൃത്തിതു സൽപാത്രമായാൽ പോരും. ൧൩൯

സാധ്വി! നീ പോയാലുമെന്നുള്ളി,ലാലങ്ക
ധൂർത്തരാം കാമാദിരാക്ഷസന്മാർ
എത്രമേൽ വാഴ്കിലുമെൻസീത ജീവിക്കു-
മഗ്നിക്കിൽ വെൺചാമ്പലാവില്ലല്ലോ. ൧൮൦

ഒട്ടമന്നാന്തരാപൂരുഷ 'മോ' ശബ്ദം
ദൃഷ്ടനെൻകണ്ണത്തിൽക്കേറുന്നീല;
ചെയ്യിക്കു കാന്തനെക്കൊണ്ടെനിക്കിന്നൊന്ന-
ഗ്ഗായത്രീമന്ത്രോപദേശം വീണ്ടും! ൧൪൪

## IX

കാലമേ! നിൻകരിപ്പൊയ്മുഖം കണ്ടു ഞാൻ
മാലിയന്നെന്തെല്ലാമോതിപ്പോയി!
ഈ മുഖം നീക്കിട്ടും നാളെയും വന്നിത,-
ന്നീ മഷിപൊന്നാക്കമാരസജ്ഞൻ. ൧൪൫
മെത്തമേൽ വീണേൻ ഞാനിപ്പൊഴതെങ്കിലു-
മുത്ഥാനോദർക്കം താനെൻ നിപാതം;
പോയതു പോയെങ്കിലെന്തു? ഞാൻ ധന്യൻ താ-
നായതിലേശൈകദേശാധീശൻ. ൧൪൬
വാച്ചതും യൗവനനീർവാന്നൊരെൻമുഖ-
പ്പാഴ്ജ്ജരത്തോട്ടകരംതൻ തടത്തിൽ
നിന്നിട്ടും വെൺനരക്കാശപ്പുല്ലേതും മേ-
ലെൻവിവേകോദയവൈജയന്തി. ൧൪൭

നാളെയെന്നുള്ളൊരു നാളെനിക്കുണ്ടെങ്കി-
ലാളൊന്നുമാറി ഞാനാത്മവേദി
ലജ്ജയാം ദേവിയെ ലജ്ജിപ്പിച്ചീടാതെ
സജ്ജനചയ്യ്യൎയ്ക്കു സജ്ജനാവാം. ൧൩൦

---

# കീശസന്ദേശം.

## I

അടുത്തു പാതിരാ,വടച്ചു വാതിൽഞാൻ
കെടുത്തു റാന്തൽപോയ്ക്കിടന്നു മെത്തയിൽ;
പുകച്ചിൽ വീണ്ടുമെൻ തലയ്ക്കു വായ്ക്കുന്നു,
പകച്ചുനിൽക്കുന്നു ഭഗവതി സുപ്തി.
"വരുവൊരുവഴി മറന്നവഠംപോ ല-
യിരുളിലെങ്ങെങ്ങു പരിഭ്രമിപ്പു നീ?
തിരുവുരുതായയ്ക്കരുകരുണതാൻ;
വരൂ വരൂ! ദേവി! തരൂ തരൂ സുഖം!!"
ഇവണ്ണം നിദ്രയോടിരന്നൊരെൻമുറി
സുവർണ്ണവർണ്ണമായ്ച്ചമഞ്ഞു തൽക്ഷണം.
കരിയിരുഠംമഴമുകിലിൻമെയ്മിന്നി-
യരിയത്തുമിന്നൽപ്പിണറണിചാർത്തി.
ഉറക്കമൊന്നൊരെൻ വിളക്കുതന്നെത്താ-
നുണർന്നുവോ പെട്ടെ,ന്നിതെന്തൊരത്ഭുതം?
അതല്ല വാനിൽനിന്നണഞ്ഞു തേജസ്സൊ-
ന്നധന്യനാമെന്നെയനുഗ്രഹിക്കയോ?

അതികുതുകി ഞാൻ മിഴിരണ്ടും തുട-
ച്ചതിധ്രിയാരതെന്നടുത്തു നോക്കിനേൻ.
അലിവിലെൻമുന്നിൽ വിലസുവതൊരു
വലീമുഖവംശമകുടഹീരകം.
കദളികാടവീനിവാസി, രാഘവ-
പദസരസിജമധുവ്രതവ്രതി,
അനൂനവൈഭവനണഞ്ഞിതോ മുന്നിൽ
ഹനൂമദാഖ്യനാമശേഷസൽഗുരു?
കുടുകുടേക്കണ്ണീർ പതിപ്പൂ പൂകവിൾ-
ത്തുടുതുടപ്പൊന്നായ്ക്കഴകും മാരിയായ്;
അകത്തു കത്തുവോരഴൽക്കൊടുംതീതൻ-
പുക വെളിക്കൊൾവൂ ചുടുനെടുവീർപ്പായ്;
അരുതരുതെന്നു വിലക്കുവാൻ ഞാനെ-
ന്നിരുകരവുമൊന്നിളക്കിടും മുന്നേ
അഹോ! ദയാർദ്രമീ വചനമെന്നോട-
മ്മഹോപദേശകൻ കപീന്ദ്രനോതിനാൻ:—

## II

“ശുഭം ഭവിക്കട്ടേ ജഗത്തി,നേവക്-
മഭംഗുരോദയമവാപ്തമാകട്ടെ.

ധരിച്ചുവോ നീ നിന്നതിഥിയാരെന്നു?
ധരിച്ചില്ലെങ്കിൽ ഞാൻ ധരിപ്പിക്കാമിപ്പോൾ.
കരുതുക വത്സ! കപിയാമെന്നെ നിൻ
പുരുഷവർഗ്ഗത്തിൻ പിതൃഭ്രതനെന്നായ്.
പിതാമഹൻ പണ്ടിപ്പൃഥിവിനിർമ്മിച്ചാ-
നതാന്തമാകും തൻ തപോബലത്തിനാൽ.
സമസ്തസമ്പത്തിൻ നിധാനകുംഭമായ്,
സമഗ്രഭംഗിതൻ വിലാസരംഗമായ്,
അലകടൽപ്പൂമ്പട്ടരയ്ക്കണിയുവോ,-
ളചലവക്ഷോജഭരം വഹിപ്പവൾ,
തരംഗിണീഹാരലതകൾ ചാർത്തുവോൾ,
തരുവല്ലീപത്രാവലി ധരിപ്പവൾ,
ധ്രുവാദിനക്ഷത്രസുമങ്ങൾ ചൂടുവോൾ,
ദിവാകരേന്ദുക്കൾ വിളക്കേട്ടപ്പവൾ,
അധോഭുവനത്താൽ മെതിയടിയാർന്നോൾ,
ത്രിദിവത്താൽ ദിവ്യകിരീടം പൂണ്ടവൾ;—
ധരണിയാമസ്മജ്ജനനി മിന്നുന്നു;
ശരണമാർക്കും തച്ചരണപങ്കജം.

3.MAR 19



## II

“ധരിത്രിയിമ്മട്ടിൽച്ചമച്ചു നാന്മുഖൻ
പെരുത്തു ധന്യനായ് കരുതിനാൻ തന്നെ.
പുതിയൊരമ്പലമിതേതു ദേവൻ തൻ
പ്രതിഷ്ഠയാലിനിസ്സനാഥമാകാവൂ?
തനയരേവരെ പ്രസവിച്ചിദ്ദേവി
ജനനസാഫല്യം ക്ഷണത്തിൽ നേടാവൂ?
ക്രമത്തിലിത്ഥമോത്ഭജൻ ജനിപ്പിച്ചാൻ
കൃമിസരീസൃപവിഹങ്ഗമങ്ങളെ;
അകമലരതിലതൃപ്തമാകയാൽ
മൃഗങ്ങളെത്തീർത്താൻ വിവിധരൂപത്തിൽ;
അതിലും തുഷ്ടിവിട്ടൊടുവിൽ നിർമ്മിച്ചാൻ
മതിവച്ചീശ്വരൻ വലീമുഖന്മാരെ.
ജനിച്ചു തൽസൃഷ്ടപ്രപഞ്ചസൗധത്തിൻ
തനിപ്പൊൻതാഴികക്കുടങ്ങളായ് ഞങ്ങൾ;
ഭരിച്ചു പാരിതു പലനാൾ മാമകർ;
ധരിത്രി പിന്നെയും “സസേമിരാ” തന്നെ.
‘വസുന്ധരേ! വത്സേ! ഭവതിയെങ്ങെ,ങ്ങീ-
യസുന്ദരങ്ങളാം കരങ്ങിൻക്കൂട്ടങ്ങൾ?

ഇവററയെക്കൊണ്ടെന്തുയച്ച് നേട്ടമോ
ഭവതി? ഞാനെത്ര മടയനായ്പ്പോയി?'
ത ചരിതമിത്ഥമോത്തിയററിനാൻ മന്നിൽ
വിരിഞ്ചൻ മറെറാരു വിശിഷ്ടജീവിയെ.
അതാണു മാനുഷൻ; അവൻെറ സൃഷ്ടിയാൽ
കൃതാത്ഥമാനിയായ്ച്ചമഞ്ഞ ലോകേശൻ
കിരീടവും സിംഹാസനവും ചെങ്കോലും
ധരിത്രി വാഴുവാനവനു നൽകിനാൻ.
അടച്ചു നാട്ടുവിട്ടിറങ്ങി ഞങ്ങളു-
മടവിതന്നുള്ളിലടകുടി പൂകി.
വളരെക്കാലമായ്, വളരെക്കാലമാ,-
യിളയിൽ ഞങ്ങൾക്കീയിളിഭ്യപ്പേർ കിട്ടി.
അതുമുതൽ ഞങ്ങൾ ചുഴിഞ്ഞു നോക്കുന്നു
കൃതികൾ നിങ്ങൾതൻ കൃതികളോരോന്നും.

## IV

"വിശേഷബുദ്ധിയും, വിചാരശക്തിയും,
വിചിത്രസിദ്ധികൾ പലതു വേറെയും,

അജ്ഞനരുളിപോൽ കനിഞ്ഞുമാനുഷ-
ന്നവനെത്തൻപ്രതികൃതിയിൽത്തീൎത്തുപോൽ.
ഫലമെന്തുണ്ടായി? പയോജയോനിതൻ
പല മനോരഥമെവിടെച്ചെന്നെത്തി?
മരുത്തു, വിദ്യുത്തു, പയസ്സു, ധൂമമി-
ത്തരത്തിൽവാച്ചിട്ടും പ്രകൃതിശക്തികൾ
നരനു കിങ്കരപ്രവൃത്തി ചെയ്തു തൽ-
സരണിയിൽ പട്ടാംബരം വിരിക്കുന്നു;
പരിമൃദുമലർനിര വിതറുന്നു;
പരിമളദ്രവധരിയൊഴുക്കുന്നു;
പുകക്കപ്പലിന്നു കടലെറുമ്പുചാൽ;
ഗഗനവീഥിക്കു ഗരുഡനേറോപ്ലേൻ;
വയർലെസ്സപ്പിക്കും ശ്രുതി മഹാത്ഭുതം;
'സയൻസി'നാൽ മൎത്ത്യൻ സമഗ്രവീൎയ്യവാൻ!

V

"സകലവും ഭദ്രം നരനു ചുറവുപാ,-
ടകക്കാമ്പൊന്നുതാനഭദ്രമത്യന്തം:
എതിങ്കൽ വേണമോ വികാസ,മേതുമി-
ല്ലതിങ്കലായതിൻകണിക പോലുമേ.

പഴയവൻ മൎത്ത്യൻ ഹൃദയത്തിൽ; പോരാ
പഴയവനെക്കാൾ പതിതൻ മേല്ക്കുമേൽ.
എവനും താൻ മാത്രം സുഖിച്ചിരിക്കണ,-
മെവനും മററുള്ളോർ നശിച്ചുപോകണം;
തനിക്കു താണതിൽച്ചവിട്ടി നിൽക്കണം;
തനിക്കെളിയതു ചവച്ചു തുപ്പണം;
അടുക്കളപ്പണിക്കബലമാർ വേണ,-
മടിമകളാകാനശക്തരും വേണം;
അധഃസ്ഥരമ്മട്ടിലിരുന്നുകൊള്ളണ-
മുദധിയൂഴിയെ ഗ്രസിക്കുവോളവും;
സ്വതന്ത്രൻ താനൊരാൾ, വിജയി താനൊരാ,-
ളിതരർ തൻകേളിക്കുപകരണങ്ങൾ;
ഒരുകൺ തന്റേതു പൊടിക്കും താൻ,പരൻ
കുരുടനാവതാണതിൻ ഫലമെങ്കിൽ;
ഉയൎന്നിടാനുള്ള മടിയാൽ താഴെ നി-
ന്നുയൎന്നവൻ ചാവാനൊളിനഞ്ഞരെയ്യും;
പരിഷ്കൃതിമന്ത്രമുരച്ചുകൊണ്ടിട്ടേ
നരരക്ഷസ്സിനു നരനെത്തിന്നാവൂ.

സ്വദേശമെന്നതും സ്വധൎമ്മമെന്നതും
സ്വജാതിയെന്നതും സ്വഭാഷക്കൂടിയും
കരബലമുള്ള ജനതതിക്കതൻ
പെരുവയർക്കുഴി നികത്തിടും വഴി;
പലപ്പൊഴും സ്വാൎത്ഥം, പലപ്പൊഴും ദൌഷ്ട്യം,
പലപ്പൊഴും ദുര, പലപ്പൊഴും ചതി!
ഇതെന്തുതാറുമാ,റിതെന്തുമീൻമുറ,-
യിതിന്നു വേണ്ടിയോ ഹരേ! നരോദയം?
ഇരുളിരവിതിന്നുഷസ്സെന്നോ? മോഹ-
പ്പെരുങ്കടലിതിന്നെതിർകരയെങ്ങോ?

## VI

"മനുഷ്യ! നിൎത്തിനേൻ മദീയമാക്രോശം
വ്രണപ്പെട്ടോല്ല നിന്മനസ്സു ലേശവും.
തുറന്നു ചൊല്ലേവാനെന്തുറിച്ചുനോക്കേണ്ടാ;
പറഞ്ഞുപോയ് സ്വല്പം പരമാൎത്ഥാംശം ഞാൻ.
അവനി നമ്മൾക്കു പൊതുവിൽ പെററമ്മ;
അവൾതൻ സേവതാൻ നമുക്കു സൽക്കൎമ്മം.

ഇതരജീവികൾ കിടക്കട്ടേ; മർത്ത്യ-
ഹൃദയങ്ങളാദ്യമിണങ്ങട്ടേ തമ്മിൽ.
ഒരമ്മതൻ മക്കളലച്ചവാളുമായ്-
പ്പൊരുതും പോർക്കളമവൾതൻ മാറിടം!
ഇതോ ധരിത്രിതൻ പുരോഗതി? നിങ്ങൾ-
ക്കിതോ ജനിത്രിതൻ വരിവസ്യാവിധി?
ഒരു യുഗത്തിങ്കലൊരിക്കലോ മറേറാ
തിരുവവതാരം ജഗദീശൻ ചെയ്വൂ;
തുണപ്പു ഞങ്ങളും കഴിവോളമപ്പോൾ
ജനനിക്കാനന്ദം ജനിച്ചിടും മട്ടിൽ.
അതിന്നു മുമ്പിലുമതിന്നു പിമ്പിലും
ക്ഷിതിക്കു മർത്ത്യർതൻ ഭരം സുദുസ്സഹം.
യഥാർത്ഥമാം പുത്രസുഖമവൾക്കില്ല;
യഥാർത്ഥമാമൂദ്ധ്വഗമനവുമില്ല.
നിലകൊൾവൂ മർത്ത്യസമുദായഹർമ്മ്യം
ശിലകളൊക്കെയുമിളകിവെവ്വേറെ;
അവയിലോരോന്നുമയിത്തം ഭാവിച്ചു
ശിവ ശിവ! നിൽപ്പൂ തൊടാതെ തങ്ങളിൽ.

മറിഞ്ഞുവീഴാറായ് മനോജ്ഞമിസ്സൗധം;
തെറിച്ചുപോകാറായ് ശിലകൾ ദൂരവേ.
ഉടയവനെയോർത്തിനിയെന്നാകിലും
വിടവടയ്ക്കുവിൻ! വിരോധം തീർക്കുവിൻ!
പരസ്പരപ്രേമസുധാനുലേപത്താൽ
പരമിപ്പ്രാസാദം പ്രകാശമേന്തട്ടെ.
പരോപകാരമാം ഭവപഞ്ചാക്ഷരി
പരിചയിക്കുവിൻ പ്രവൃത്തിരൂപത്തിൽ!

## VII

മരുവുന്നുണ്ടങ്ങു വശംകെട്ടു കരം
തിരുമ്മിയുംകൊണ്ടു ഹതാശനാം വിധി:
ഘോരമായ നാകത്തിൻ മുകളിലാക്കുവാൻ
കരുതിയല്ലോ ഞാൻ ചമച്ചു മർത്ത്യനെ.
വരമെന്നെ നൽകിന മഹേശനെക്കാൾ വാ-
നൊരുങ്ങിന വൃകനൊരു വിധം ഭേദം;
അതു ഞാൻ നൽകിന മനുഷ്യരോ പിതൃ-
വധം താൻ ചെയ്യുന്നു നിജജനനിയെ.
നിലമറന്നൊരിജ്ജന്തുരിനിക്കാട്ടിൽ
വഴിമൃഗങ്ങൾതൻ പുറകേ പോകട്ടേ;

പുതിയ സൃഷ്ടിയൊന്നിനിയും ചെയ്യുൻ ഞാൻ
ക്ഷിതിദേവിക്കഴലകന്നിടുംമട്ടിൽ.'
ഇവർണ്ണമോക്കുന്നു ചിലപ്പോൾ നാന്മുഖർ;
നവമാം മുത്തൊട്ടു കരുപ്പിടിക്കുന്നു;
ക്ഷമിക്കുന്നു വീണ്ടും; വയസ്സേപോംതോറും
ശമിക്കുന്നു ശീഘ്രം തദീയരോഷാഗ്നി.
കടന്നു പോകട്ടേ കുറച്ചുകൂടിയെ-
ന്നടങ്ങിവാഴുന്നു വിദ്ധപിതാമഹർ.
അധികംനാളൊന്നും നിലനിൽക്കില്ലിനി
വിധിക്കുനിങ്ങളിലിരുന്ന വിശ്വാസം;
ധരണിദേവിതൻ കദനം കാണുമ്പോൾ
ഹിരണ്യഗർഭന്റെ ഹൃദയം ഭേദിക്കും.
ഇനിയ മന്നോരോന്നജന്നു കൈപ്പണി-
ക്കിനിയുമുണ്ടെന്നു കരുതിക്കൊള്ളുവിൻ!
പുതുമട്ടിൽ ഭൂമിക്കധീശരുണ്ടായാൽ
പൃഥിവിയിൽ നരൻ ദ്വിതീയവാനരൻ.
അരശുകൈവിട്ടാലന്നയും മാലെന്തെ-
ന്നനുഭവിക്കുമ്പോളറിഞ്ഞിടാം താനും.
അതിന്നിടനൽകി, യടവി പൂകൊല്ല!
വിധിതൻ കാരുണ്യം പരീക്ഷ ചെയ്യൊല്ല!!

ഇതോതുവാനെന്നെയയച്ചാൻ മാനുഷ-
ഹിതോപദേശത്തിൽ കുതുകി വായുജൻ!"

... ... ... ... ... ...

മറഞ്ഞു വാനരൻ: സഹോദരന്മാരേ!
കുറഞ്ഞൊന്നോൎക്കുവിൻ തദീയസന്ദേശം.
മതി മതി കാലം കളഞ്ഞതീശനെ-
പ്പുതിയൊരു സൃഷ്ടിക്കൊരുക്കല്ലേ നമ്മൾ!

---(o)---

# പ്രഭുസമക്ഷം.

---

## I

ഈരേഴുലോകങ്ങൾക്കുമീശനാം മഹാപ്രഭോ!
ദൂരസ്ഥം, മഹോന്നതം, ദുഷ്പ്രാപം, ഭവൽപദം.
എങ്കിലും പാപിഷ്ഠനാം ഞാനുമപ്പദത്തിങ്കൽ-
ത്തങ്ങിടുന്നതിന്നു താൻ താവകം പരിശ്രമം.

## II

ആവതല്ലങ്ങേക്കൈക്കുമങ്ങോളമെന്നെക്കേററാ-
നാഞ്ഞല്ലും വലിക്കുകിൽപ്പൊട്ടിപ്പോം പൂമാലയാൽ.
ആകയാലാവാം കനിഞ്ഞിമ്മട്ടിൽക്കനം പൂണ്ട
ലോഹശൃങ്ഖലകൊണ്ടു കെട്ടിപ്പു; ററിഞ്ഞു ഞാൻ.
ഇങ്ങെനിക്കെന്തിന്നതോർത്താതങ്കം? എന്മേനിയി-
ലങ്ങേക്കൈച്ചാർത്തീടുന്നതാകല്പമല്ലീ സർവ്വം?
ആത്തളക്കടെക്കണ്ണിപെട്ടുരഞ്ഞരങ്ങേച്ചെല്ല-
ക്കൈത്തളച്ചെമ്പല്ലവം നൊന്തിടുന്നുണ്ടാം വിഭോ!
ആയതിൻ കിലുക്കം ഞാൻ ഗീതമായ്ച്ചെവിക്കൊള്ളാ-
മായതിനുറിപ്പാടെൻ കീർത്തിമുദ്രയായ്ക്കാണാം!

## III

എത്രയോ കിടങ്ങിടയ്ക്കുണ്ടെനിക്കിറങ്ങുവാ-
നെത്രയോ, വഴിക്കുമേൽ, ക്കോട്ടയും കയറുവാൻ.
രണ്ടുമെൻ പുരോഗതിക്കൊപ്പത്തിൽത്തടസ്ഥങ്ങൾ;
രണ്ടിന്നുമങ്ങേപ്പുറത്തെൻ ലാക്കാം ഭവൽസൌധം.
കാരമുൾകുത്തിക്കേററിക്കാലിൽനിന്നൊലിപ്പിപ്പൂ
ചോരയിക്കാന്താരമെന്നോർത്തു ഞാൻ ഖേദിപ്പീല.
അപ്പുലർപ്രഭാകരച്ചെങ്കതിർപ്രകാശത്തിൽ
മൽപ്പദം തെല്ലെങ്കിലും മുന്നോട്ടു നീങ്ങാമല്ലീ?
അങ്ങയും ഞാനും തമ്മിൽ വാച്ചിടും ദൂരത്തിന്നു
ഭങ്ഗമന്നീക്കംകൊണ്ടു മേല്ക്കുമേൽ പരാമല്ലീ?

## IV

ആവതല്ലെനിക്കേതും നിന്ദ്യമാമീരൂപത്തിൽ-
ദ്ദേവരാൽ ചൂഴപ്പെട്ടോരങ്ങയെസ്സമീപിപ്പാൻ.
എത്രയോ കൊട്ടിത്തട്ടിക്കോട്ടവും കേടും നീങ്ങി-
സ്സുഷ്ഠു വായ്ത്തീർന്നിട്ടല്ലീ ഞാനതിനൊരുങ്ങേണ്ടൂ?
പങ്കത്തെ ക്ഷാളിക്കുവാൻ ബാഷ്പധാരതാൻ വേണം;
പാപമായാമംതീരാൻ ചെന്തീതാൻ ജ്വലിക്കണം.
എത്രയോ രാകിത്തേച്ചുവേണമങ്ങെന്നെശ്ശ്രേഷ്ഠ-
രത്നമാക്കുവാ, നിന്നു ഞാൻ വെറും കാചപ്രായൻ.

ആതുരൻ ഞാനല്ലഹൻ ശോധിപ്പാനെന്നിൽച്ചേരു-
മാദിവൈദ്യനാമങ്ങേശ്ശസ്ത്രത്തിൻവ്യാപാരത്തെ.

V

ഏകാൻ ഞാൻ ഭവാനോട്ട ഭീതനായ് പ്രാൎത്ഥിപ്പതി-
ല്ലേകാന്തസൌഖ്യങ്ങളാം രാവില്ലാദ്ദിനങ്ങളെ.
ഏതിനാൽ സമുൽക്കൎഷം സാധിക്കാമെനിക്കെന്നു
താതനും മാതാവുമാമങ്ങല്ലീ ധരിക്കുന്നു?
ഏതു രൂപമാണിഷ്ടമാ രൂപം വായ്ക്കുമ്മട്ടി-
ലാദിശില്പിയാമങ്ങെൻ മൃൽപിണ്ഡം വിമൎദ്ദിക്കൂ!
എത്രമേൽ വിശുദ്ധിയെ പ്രാപിച്ചാൽ തൽപൂജ-
[യ്ക്കെൻ-
ചിത്തതാർ സ്വീകാൎയ്യമാമത്രമേൽ വിശോധിക്കൂ!
ഇന്നെഴും പോരായ്മകളത്രയും തീൎത്തങ്ങെന്നെ-
പ്പിന്നെയും സൃഷ്ടിക്കൂ! ഞാനന്നു താൻ ദ്വിജന്മാവാം.

VI

അങ്ങു ഞാൻ ശിക്ഷപ്പെടാനേതുകോലെടുത്താലു-
മങ്ങേക്കൈ പീയൂഷാൎദ്രമെന്നു ഞാൻ ധരിച്ചാവൂ!
ദുഃഖപ്പൊയ്മുഖം കെട്ടി ക്രീഡിക്കും സുഖത്തെയെ-
ന്നാംക്കണ്ണാലതിൻ സാക്ഷാദ്രൂപത്തിൽ ദൎശിച്ചാവൂ!

# മൃണാളിനി.

—

പത്തിന്നു മേലായ്‌ മണി; പാരമാ രാവിങ്കലും
സുഷുപ്തിയാൽ സുഖാനേട്ടാം കാലമായ്‌ സുകൃതികൾ.
അടച്ചുപൂട്ടിപ്പോയീ കതകപ്പണക്കാരർ;
കടക്ക മുന്നോട്ടു നാമിരുട്ടിൽത്തപ്പിത്തപ്പി.

അപ്പം തിന്നപ്പം തിന്മാൻ വെൺചിതലുഴിഞ്ഞിട്ടു
കുപ്പമൺചെററപ്പുരയൊന്നതാ! പുരോഭുവിൽ!
അകമേയല്പിൻപററം വിഴുങ്ങാൻ ചൂഴ്‌ന്നങ്ങൊരു-
തകരക്കൈച്ചിമ്മിണി പുകഞ്ഞു കത്തീടുന്നു.

ഹാ! പരം തത്രത്യയാമലക്ഷ്മീദേവിക്കുള്ള
ധൂപദീപാരാധനമൊന്നിച്ചു നടത്തുന്നു.
ഇല്ല തീയതല്ലാതെ മറെറങ്ങും; അതുപ്പത്തു
കല്പരി കൈവന്നല്ലീ കായനീരനത്തോണ്ടു?

## II

തുറന്നു കിടക്കുമന്നടയിൽ നില്പുണ്ടൊരു
വരുതിപ്പിശാചിക!—അല്ലല്ല, വനിതയാം.
ബാധയോ? ശാന്തം പാപം! ദീനയാമത്തനാഥിക-
ജാതകേവളയെന്യേ മറെറാന്നും പിഴച്ചീല.

വിധി—സൎവ്വം കീഴ്മേൽ മറിപ്പൊ,—ന്നവൾ-
[ക്കയ്യോ!
പതിനെട്ടിങ്കൽ പ്രായമെൺപത്തൊന്നാക്കിത്തീൎത്തു.
ചാലതൻ ചങ്ങാതിയല്ലമ്മങ്ക ജനനത്തിൽ—
കാലനീരൊഴുക്കത്തിലങ്ങു ചെന്നടിഞ്ഞവൾ.
മാല്യകൊണ്ടുഴന്നുഴന്നോമനപ്പൂമെയ് വെറും-
തോലുമെല്ലുമായ് മാത്രം ശേഷിച്ചോരത്തയ്യലാൾ
ഒരിക്കൽത്തന്ദ്വാരിൽ മാതടിമപ്പണിചെയ്യോ-
ളരക്കൈക്കതിയുമായഴകിൽപ്പൊരുതിനോൾ!
കെട്ടമിൻനുറുക്കൊന്നു കഴുത്തിൽ പൂണ്മോളവൾ
കെട്ടിടാറാമമ്മുറിച്ചിമ്മിണിത്തിരിപോലെ.
ജന്മത്തെപ്പാഴാക്കിനോൾ വേളിയാൽ; മാവെന്നോൎത്തു
മുൾമുരുക്കിനെച്ചുററീ മുല്ലപോയ് മോഹത്തിനാൽ.

## III

ഭദ്രനെസ്സൗന്ദൎയ്യവാൻ, വിത്തവാൻ, വീരൻ, യുവാ,-
വിത്തരത്തിങ്കൽ മാത്രമീക്ഷിച്ചോൾ മൃണാളിനി.
ശ്ലാഘ്യമാമച്ചന്ദനമരത്തിന്നകത്തൊരു
മൂൎക്ഖപ്പാമ്പിരിപ്പതമ്മുഗ്ദ്ധയാൾ ധരിച്ചീല.
ഒരു കുററമേയുള്ളു—കുടി—അപ്പുമാനെല്ലാം
ശരിമ,ററടിമാത്രമുടഞ്ഞതപ്പൊൻകുടം!

വിത്ത,മാരോഗ്യം, രൂപം, യശസ്സ്, വൃത്തം, ശ്രുത-
മിത്ഥം സർവസ്വവും മേല്ക്കുമേൽ ഹോമി,ച്ചവൻ ൩൬
എന്നെന്നും മദ്യസേവയേകതാനനായ് ചെയ്താൻ
നിന്ദിതൻ—നിരാഹാരൻ—നിശ്ചിന്തൻ— നിശ്ചേത-
പാശിതൻമകൾ കനിഞ്ഞരുളീടിന വരം— [നൻ.
പാശം—ഒന്നായ്പ്പൂർണ്ണമപ്പാപിതൻ കഴുത്തിലും; ൪൦
നാഥനാമവൻ ചേർത്ത ‘മംഗല്യ’വിലങ്ങൊന്നു
സാധുവാമത്തയ്യലിൻ ശംഖൊളിഗ്ഗളത്തിലും!
എന്നാലെന്തസ്സാധ്വിക്കു രാമഭദ്രനമ്പ് ഭദ്രൻ;
തൻനാഥൻ വൃകം വനമസ്സീതയ്ക്കയോദ്ധ്യതാൻ. ൪൪
അന്തഃകുഷ്ഠിയായുള്ള തന്നുഗ്രതപസ്സിനെ-
പ്പന്തിയിൽ ഭജിച്ചാളപ്പ്രത്യഗ്രശീലാവതി.
അവനെന്തൻ ദൈവമായനാഥം ധ്യാനം ചെയ്ത-
മവനുവേണ്ടിത്തന്റെ സർവ്വും ത്യാഗം ചെയ്തും ൪൮
ഹാ! കഷ്ടമവൾ വീണാളവനാലാകൃഷ്ടയായ്
നാകപൃഷ്ഠത്തിൽനിന്നു നാരകത്തീക്കുണ്ഡത്തിൽ.
ക്ഷുൽപിപാസാധിവ്യാധി ചിന്താവ്യാപത്താഗ്നിക-
ളൊപ്പമാപ്പെൺമണിതൻമെയ്യുമുള്ളവും ദഹിപ്പിച്ചു.. ൫൨

ഒരിക്കൽത്തഴച്ചതാമച്ചെടി പാതിക്കുമേൽ
കരിക്കട്ടയായ്പ്പോയി; വെണ്ണീറുമാവാറായി.
അത്തരം കാഴ്ച കാണുമൊന്നല്ലല്ലോ താൻ വേട്ടതാം
മത്തപ്രമത്തോന്മത്തമാനുഷജീവപ്ലവം! ൫൯

IV

കാണുമതുണ്ടമ്മങ്കതൻ കൈയിണയ്ക്കണിപ്പൂൺപാ-
യാണുമണിക്കുഞ്ഞൊന്നാക്രമാനന്ദത്തങ്കക്കുടം.
ആയതോ തേങ്ങിപ്പിടഞ്ഞാർത്തമായ്ക്കരയുന്നു
വായതൻ വരണ്ടിട്ടും വയററിൽ തീകത്തീട്ടും. ൬൦
തന്നിളങ്കിടാവിന്മെയ്ത്താമരത്താരിൽത്തായ
കണ്ണുനീരൊഴുക്കുന്നു; കൈത്തുമ്പാൽ തുടയ്ക്കുന്നു.
എന്തു താനതല്ലാതെ ചെയ്യീടാമപ്പാവത്തി-
ന്നന്ധകൂപത്തിൽ ദൈവം—അന്യായം—അമഴ്ത്തി-
യാൽ? ൬൧
അക്കൃശത്തിങ്കൾക്കലയ്ക്കെപ്പോഴോ വളർപക്ഷ-
മഗ്ഗ്രീഷ്മതപ്താപഗയ്ക്കെപ്പോഴോ വർഷാഗമം?
കാത്തുനിൽക്കയാണവൾ വാതിൽക്കൽ കൈക്കുഞ്ഞു-
[മായ്
ധൂർത്തനാം തന്നീശനെ—ക്കാലനെത്തോൽപ്പിപ്പോനെ. ൬൨

# V

വരുന്നു ദൂരെനിന്നു കങ്കാളമൊ,ന്നസ്സതാം
പുരുഷാകാരത്തിൻെറ പുത്തനാം വിഡംബനം.
പാഴ്മദ്യച്ചേററിൽ താണു പാതിയും മണ്ണായ്പ്പോ-
[യൊ-
രാമാത്ത്യൻ ഭദ്രൻപേരാ,ലഭദ്രൻ ശീലത്തിനാൽ. ൧൨

വിജ്ഞൎക്കു ഹാലാഹലം ഹാല; പാണിനീയത്തിൽ
യജ്ഞദത്തനെച്ചൊല്ലാം യജ്ഞനെന്നില്ലേ വിധി?
പേയമാകയാലത്രേ പേയനായ്; ലോകത്തിന്നു
ഹേയനായ്പ്പോയാൻ പണ്ടു ഗേയനായ് വാണോരവൻ. ൧൩

ആടിയും കറങ്ങിയും പാടിയും രജസ്സാൽ മെയ്
മൂടിയും വരികയാണമ്മധുപാഗ്രേസരൻ.
ചാലമേൽനിന്നക്കാഴ്ച കണ്ടിട്ടും മരങ്ങൾക്കു
ചാലവേ മലർമിഴി കണ്ണീരിൽ മുഴുകവേ; ൧൪

പാപികൾ പാതകാട്ടും ജീവി,യേതധോലോകം
പ്രാപിക്കുമെന്നോൎത്തധഃപ്രദീപങ്ങൾ നടുങ്ങവേ;
കളയുന്നല്ലോ ഭവാൻ നൃജന്മമെന്നങ്ങിങ്ങു
കിളിക്കുഞ്ഞുങ്ങൾപോലും കൃപയാൽ കഥിക്കവേ; ൧൫

ക്രമമല്ലാതെ ദ്വാക്കെപ്പോഴുമുരച്ചാലും
ക്ഷമയെക്കൂടെക്കൂടെയവലംബിക്കുന്നവൻ;

അ്ലയാഴിതാൻ രഥ്യ; തനിക്കല്ലതിനത്രേ
നിലയില്ലായ്കയെന്നു നിനച്ചു നീന്തുന്നവൻ; ൮൮
ശത്രുവേണ്ടവതമ്മിലെന്നോർത്തു പന്ഥാവിന്റെ
രണ്ടുവക്കിലുംകൂടി നടപ്പാൻ കൊതിപ്പവൻ;
കേവലം നിലാംബരൻ, വ്യോമത്തിലദൃശ്യനാം
രേവതീരമണനെപ്പോരിനായ് വിളിപ്പവൻ; ൯൨
നൊറിന്നെത്തിവക്കുമേൽ റോഡ്ഡിലെച്ചരൽക്കല്ലു
പററിച്ച ചെങ്കുങ്കുമപ്പൊട്ടിനാൽ വിളങ്ങുവോൻ;
എത്തിനാനൊരു മട്ടിലിഴഞ്ഞു തന്മാടത്തിൽ-
ശക്തിയ,ല്ലശക്തിതാൻ പൂജയാൽ പ്രസാദിച്ചോൻ.
൯൬

## VI

കൂലിവേലയ്ക്കാണവൻ പോയതു പുലച്ചയ്ക്കു;
ശീലിച്ചാൻ ശീലിക്കാത്തതൊക്കെയും വരുതിയാൽ.
അന്നന്നു പന്നിയെട്ടത്തഞ്ചാറു പണം നേടു;-
മന്നന്നദ്രവ്യം മദ്യദ്രാവകം ദ്രവിപ്പിക്കും. ൧൦൦
ഇരണ്ടോ വേലചെയ്യോ വല്ലമട്ടിലുമന്തി-
ക്കരക്കഞ്ഞിക്കുള്ളരി,യവൻതൻ വധു നേടും;

അതുകൊണ്ടഹർവൃത്തികഴിക്കും രണ്ടാളും; തൻ
നിധിയാം കിടാവിനെത്തായയാൾപോററുംതാനും. ൧൦൪

അമ്മട്ടിൽ കാലംപോകെ വീഴ്കയായൊരുനാളി-
ലമ്മക്ക ദീനപ്പായിൽ;—പായേതു?—പൃതമണ്ണിൽ.
അന്നുകാലത്തു കാന്തൻ വേലയ്ക്കു പോകെസ്സാധ്വി
ചൊന്നാൾ; “ഹോ! ഭർത്താവേ! ഞാൻ രോഗാർത്തയാ-
യേനല്ലോ. ൧൦൮

ഇന്നത്തെക്കഴിച്ചിലിന്നെന്തൊരുവഴി? നമ്മൾ-
ക്കൊന്നുമില്ലല്ലോ കൈയിലൊക്കെയും പൊയ്പ്പോയല്ലോ.
ഇന്നങ്ങു നേടും കൂലികൊണ്ടു വല്ലതും വാങ്ങി
വന്നിടേണമേ തിരിച്ചങ്ങാണെ! ദൈവത്താണെ! ൧൧൨

കുട്ടിയൊന്നില്ലേ നമു,ക്കല്ലെങ്കിലതിൻകാര്യം
പട്ടിണിയായിപ്പോമേ! പാവത്തെ മറക്കൊല്ലേ!
വരണേ നാഥനന്തിമയങ്ങുംമുൻപ്” എന്നോതി-
ക്കരയും കല്യാണിയിൽ കണ്ണിമപകരാതെ ൧൧൬

“വരട്ടേ; നോക്കാ,മൊരുകുപ്പിയിങ്ങു,ണ്ടിന്നത്തേ-
യിരവിന്നതുപോരുമെന്നു ഞാൻ പക്ഷേ വയ്ക്കാം.
കേറാതെ കഴിക്കണം ഷോപ്പിൽ; എൻ കാലോ പി-[ന്നിൽ
നൂറാനവലിച്ചാലുമങ്ങോട്ടേ പായൂതാനും. ൧൨൦

എന്തൊരു ശനി—ബാധ—മാരണം—ആട്ടേ, നോക്കാ-
മന്തിയോടടുക്കട്ടെ,യപ്പൊഴല്ലയോ വേണ്ടു?"
എന്നുരചെയ്തുപോയ പതിയെക്കാത്തുംകൊണ്ടാ-
ണന്നവൾ നില്ക്കുന്നതു വാതിൽക്കൽ കിടാവുമായ്; ൧൨൪

ആശയും നിരാശയുമങ്ങുമിങ്ങുമായ് നിന്നു
വാശിയിൽ വടംവലി നടത്തും ഏത്തട്ടമായ്.
നില്ക്കുവാനാമായിട്ടു നില്പതല്ലങ്ങസ്സാധ്വി
കൈക്കുഞ്ഞു കരയുവോൾ; കത്തവ്യം കണ്ടീടാത്തോൾ. ൧൨൫

## VII

വന്നുവന്നില കാന്തൻ തന്മുന്നിൽ; ഉടൻ ചാടി
തന്നച്ഛിതൻ മിഴിയിണയവൻ തൻ കൈരണ്ടിലും;
ധടിതി പിന്നെപ്പുറത്തിപ്പിടിച്ചുകേറി പാഞ്ഞു
മടിയിൽ—തോൾത്തിൻതുമ്പിൽ—കക്ഷത്തിൽ—ചുമൽ
[ത്തിട്ടിൽ; ൧൩൨

ഉത്തമാങ്ഗത്തിലെത്താൻ നട്ടുങ്ങി, മുഖത്തിങ്കൽ
സ്തബ്ധമായല്പംനിന്നു തറമേൽ താനേ വീണു.
ശൂന്യമാണശ്ശരീരം മുഴുവ,നൊരു ചെറു-
ധാന്യത്തിൻനിഴൽപോലുമങ്ങതിൽ തട്ടീട്ടില്ല! ൧൩൭

ഓതിനാൾ ഹതാശയായ് സാധ്വിയാൾ; "അയ്യോ!-
[രാത്രി
പാതിപോയല്ലോ! കുഞ്ഞു പട്ടിണിക്കൂടായല്ലോ!
അങ്ങയാമിലവിനെക്കാത്തല്ലോ ഞാനാം കിളി;
എങ്ങനെ കഴിക്കേണ്ടൂ മേൽവരും യാമം രണ്ടും? ൧൪൦
എന്തിപ്പോൾ ചെയ്യേണ്ടു ഞാ,നെഞ്ചുചെന്നിരക്കേണ്ടു
വെന്തിടുന്നല്ലോ മനം; ഭർത്താവേ! ഹാ! ഭർത്താവേ!
എന്നാഥ,നിപ്പൈതലിന്നച്ഛ,നങ്ങൊരു പുമാ-
നെന്നാലിക്കുഞ്ഞ,ങ്ങയാൽ ഞാനു,മിമ്മട്ടായല്ലോ!"
൧൪൪
എന്നുരച്ചവശയായ് നിശ്ചമസ്സതിതൻ വാ-
ക്കൊന്നുമബ്ഭ്രതത്തിന്റെയുള്ളത്തിലേറുന്നില.
ഏതു ഭർത്താവു, ഭാര്യ, പൈതൽ, പട്ടിണി, രാത്രി-
യോതുവാനില്ലങ്ങൊന്നു,മൊക്കയും പരബ്രഹ്മം. ൧൪൮
ഓതിനാൻ ഭദ്രൻ, "ഏതു രാവെടീ നട്ടുച്ചയ്ക്കു?
നീ തനിക്കമ്പക്കാരി,യല്ലെങ്കിൽ കുടിച്ചവൾ.
രാവേതു പകലേതു നീയേതിക്കിടാവേതി-
ങ്ങീവേളയേതു ഞാനേതോക്കുന്നോ? കളിക്കുന്നോ?
൧൫൨
പണ്ടാരംവയ്ക്കട്ടെ നിൻപട്ടിണിപ്പാട്ടും നീയു,-
മുണ്ടാക്കിടുന്നോ കൊലപാതകം? ദൂരെപ്പോടി!

അല്ലെങ്കിൽ വാടീ! തൊണ്ടയ്ക്കു കത്തു തീകത്തുന്നു;
വല്ലതും കൊണ്ടുവാടീ വായൊന്നു നനയ്ക്കുവാൻ. എന്നു
ഇങ്ങുവാ പോന്നേ! കണ്ണേ! കൊണ്ടുവാ! വാവാ! വേഗം?
എങ്ങെടീ? എങ്ങെങ്ങെടീ? എങ്ങെങ്ങെങ്ങെടി കുപ്പി;
വേണമിക്ഷണം കുപ്പി—കുക്കുപ്പി—കുക്കുപ്പിപ്പി-
യാനന്ദം നിത്യാനന്ദ,മാനന്ദം ബ്രഹ്മാനന്ദം! എന്നും
കൊണ്ടുവാ, പൊയ്ക്കൊണ്ടുവാ; കൊണ്ടുകൊണ്ടുവാ''യെ [ന്നു
ശണ്ഠകൂട്ടുന്നു പാപി ശാപഗ്രസ്തനെപ്പോലെ.
പാടവം പാവത്തിനേതമ്മട്ടിൽ മുന്നിൽനിന്നു
"കോടയിൽ കുളിച്ചവൻ" കോമരം തുള്ളീടുമ്പോൾ? എന്നർ

## VIII

പറന്നുപോയീ ദൂരെ പ്രത്യുൽപന്നമാം മതി;
കറങ്ങി കീഴ്മേൽമറിഞ്ഞൂഴിയും ഗഗനവും;
ഒന്നുമേ തോന്നീലാദ്യമുത്തരമോതാൻ; ഉണ്ടായ്
പിന്നെയസ്സതിക്കൊരു ഭീമമാം ഭ്രാന്താവേശം. എന്നുച്ച
"കുപ്പിയോ? ഹാ! ഭർത്താവേ! പിന്നെയും? തരട്ടേ ഞാ- [ൻ
കുപ്പിയൊ,ന്നെനിക്കങ്ങു നൽകിയ തങ്കക്കുപ്പി?

രക്ഷസ്സു,ങ്ങദ്ധരാത്രിയിവേള, മനസ്സെങ്കിൽ
രക്ഷിക്കാമിക്കുപ്പിയെ,യല്ലെങ്കിലുടച്ചിടാം. ഫൈ
കൈവല്ലത്താട്ടേ'ശാന്തിയങ്ങെ സ്ത്രീദ്രാഹത്തിന്നു
ഹാ! വിവേകമോ കുഞ്ഞിൻമാറിലെച്ചെഞ്ചോരയോ?
ഇൗമട്ടിലൊരു നിശയിനിമേൽ ഞാൻ കണ്ടിടൊ-
ല്ലീമട്ടിലൊരുനില വരുത്താല്ലാക്കും വിധി!" ഫന്നെ
എന്നോതി നൈരാശ്യത്തിൽ ത്തന്നെത്താൻ മറന്നവൾ
തന്നോമൽക്കിടാവിനെ—തൻ പ്രേമഭണ്ഡാരത്തെ—
മദ്യമത്തനായ് മഹാക്രുദ്ധനായ്നില്ക്കും തൻെറ
ഭർത്താവിൻ കരത്തിങ്കൽ—കാലദംഷ്ട്രയിൽ—വെ-
[ത്താൾ. ഫവ്യം
മൂടിമുത്തു താൻ വത്സ! മുഗ്ദ്ധകാന്തക്കുന്നീ; ഹന്ത!
ചുടലച്ചെന്തീയിലിത്തൂമ്പപ്പൂവർച്ചിച്ചല്ലോ!
കുപ്പിയോ? കൊള്ളാമെടി! നല്ലകുപ്പിയിക്കുപ്പി!"
അപ്പിശാചവചമോതിപ്പെട്ടാലിൻ കഴുത്തിങ്കൽ
ഫവ്വര
കോൽക്കടപ്പെട്ടുകവാൻപോലവേ കൈവയ്ക്കുന്നു;
മേൽക്കുമേൽ വാവിട്ടേങ്ങിപ്പെതലും കരയുന്നു.
തയ്യലാൾ "ചതിക്കൊല്ലേ! കുഞ്ഞിനെക്കൊല്ലൊല്ലേ"
[യെ-
ന്നയ്യവും വിളിയുമായ് താണുകേണിരക്കുന്നു. ഫവ്വ്വ

# IX

വൈതരണ്യഭിഖ്യയാമാററിലെക്കലുഷാംബു;
യാതനാലോകത്തിലെത്തപ്തസീസകദ്രവം;
മർത്ത്യനെത്തിര്യക്കാക്കും പൈശാചരസായനം;
ബുദ്ധിക്കു സദ്യോമൃത്യു നൽകിടും പടുക്ഷ്വേളം; എൻറ
ദാഹത്തെ വർദ്ധിപ്പിക്കും മൃഗതൃഷ്ണികാരസം;
മോഹമാം ധൂമധ്വജന്നാഹുതിക്കുള്ളോരാജ്യം;
ശീലത്തിൻ പിണ്ഡക്രിയയ്ക്കുതകും തിലോദകം;
കാലനൂരിലേയ്ക്കുള്ള മോട്ടോറിൻ പെട്രോൾതൈലം;
എന്നു
പാട്ടിലെന്നുവോക്കൊപ്പമേകുന്ന മധുപർക്കം;
ജ്യേഷ്ഠൻ വിരാജാധിപത്യാഭിഷേചനതീർത്ഥം;
കീർത്തിസൌധത്തിൽ ശനിവീഴ്ത്തിടും പാംസുവാർ
[ഷി;
ധൂർത്തനാം കലിക്കുള്ള ദുർജ്ജയം വരുണാസ്ത്രം;—
ഇത്തരം മറെറന്തുള്ളൂ മാനുഷക്കനർത്ഥമായ്
മദ്യമേ! സർവ്വത്തിലുമാദ്യന്തമവദ്യമേ?
ശ്രീകൃഷ്ണൻ താങ്ങായ് നിന്ന യാദവവംശത്തിനെ
നീ കൃതാന്തപുരം പൂകിട്ടു നിശ്ശേഷമൊടുക്കിലേ?

പീതങ്ങൾ നിൻ ബിന്ദുക്കളോരോന്നുമുദന്പാനായ്
പ്രേതസ്വർല്ലോകങ്ങൾക്കു മദ്ധ്യത്തിൽ മർത്ത്യൻ കാ-
[ണ്മൂ;
പരിചിൽ സരസ്സിലുമാററിലും കിണററിലു-
മരിമപ്പൂക്കൊളിതെളിനീർ തിളങ്ങവേ; ൨൦൮
ചെറുനാരങ്ങ—രസപ്പൊന്നുണ്ട—കടതോറും
വരുവിനെന്നു നമ്മെത്തൻമെയ്യാൽ വിളിക്കവേ;
വിടൎന്ന മലർതോറും പറന്നു തേനീച്ചകൾ
മട്ടത്തേനീട്ടിക്കൂട്ടി നമുക്കു നൽകീടവേ; ൨൧൨
പച്ചപ്പുൽ തിന്നീടുന്ന പശുക്കളെകിടിനാൽ
വെച്ചമാം പാൽ ചുരത്തിത്തൊഴുത്തിൽ നിന്നീടവേ;
തെങ്ങുകൾ പച്ചക്കുടനിഴലിലിളനീരു
തങ്ങും തൻ ശിരസ്സുകൾ നമുക്കായുയൎത്തവേ; ൨൧൬
ദുർഗ്ഗന്ധത്തിന്നു നാറും—ദുസ്സ്വാദിന്നോക്കാനിക്കും—
ഇക്കെട്ടമരവെള്ളം മർത്ത്യനും മോന്തുന്നല്ലോ!
ഹന്ത! ലോകോപകാരവ്രതിയാം കേരത്തിന്റെ
കണ്ഠത്തിൽ വെട്ടുകത്തി ഘാതകനിറക്കുന്നു; ൨൨൦
അന്നന്നു കഴുത്തറുത്തന്നന്നു നിണം ചാടി-
ച്ചന്നന്നു തൻചുണ്ണാമ്പുമൺപാത്രം നിറയ്ക്കുന്നു;
നരയും പതയുമായ് ച്ചുളിച്ചു നാറുന്നൊര-
മ്മരനീർ തീയിൽവാററി, മർത്ത്യജിഹ്വയിൽ വീഴ്-
[ത്തി, ൨൨൪

ധ്വാന്തത്തെപ്പുലൎത്തുന്ന മദ്ധ്യാഹ്നത്തിലും; മഴ-
ഭ്രാന്തശാലയാകുന്ന മാതൃഭൂവക്ഷസ്സിനെ!
ഇപ്പുണ്ണിക്കായോ നരന്നേകിനാനീശൻ ബുദ്ധി—
കല്പവൃക്ഷത്തിൽനിന്നു കാകോളം ചമയ്ക്കുവാൻ? ൨൨൭

X

പൈതലിൻ കഴുത്തിങ്കൽനിന്നു തൻ ഭൎത്താവിന്റെ
കൈതട്ടിക്കളഞ്ഞിട്ടും സാധ്വി തൻ മിഴിവഴി
നാലഞ്ചു കണ്ണീർക്കണം വീഴുന്നു തുടരെയ-
പ്പാഴൻ തൻ കരത്തിലു, മപ്പുറം മാൎത്തട്ടിലും:— ൨൨൮
ഛിന്നഭിന്നമായ്പ്പോയ തത്ത്വത്തിൻ ഖണ്ഡംപോലെ;
തന്നിളങ്കിടാവിന്റെ നിസ്താരരത്നംപോലെ;
നൈദാഘകാലാന്തത്തിൽ നൽവൎഷോപലംപോലെ;
ഭൂതോച്ചാടനക്ഷമം പ്രോക്ഷണീതീൎത്ഥംപോലെ. ൨൨൯
പെട്ടെന്നു മിന്നൽപ്പിണർ ഹൃത്തട്ടിലേതോ പാഞ്ഞ
മട്ടിൽ തൻകരം കുഞ്ഞിൻ കഴുത്തിൽനിന്നും നീക്കി
അതിനെക്കൈയിൽ വാങ്ങിയശ്രു പിന്നെയും വാൎക്കും
സതിയിൽ ഭദ്രൻ മിഴിയൎപ്പിപ്പൂ നിഷ്പന്ദമായ്. ൨൩൦
നോക്കുക! സഹോദര! നോക്കുക! നിൻകണ്ണുകൾ
മേല്ക്കുമേലാറാടട്ടെയശ്രുഗംഗാപ്രവാഹത്തിൽ;

നീ തികച്ചുമേ കാൺക നിൻമുന്നിൽ നിന്നീട്ടമ-
പ്പാതിവ്രത്യാധിഷ്ഠാനദേവതാവിശേഷത്തെ. ൧൪൪

ആ വണ്ടു രണ്ടും ചെന്നു പററട്ടെ പുതുതാമി-
ദ്ദേവിതൻ കഴുത്തിലെപ്പിച്ചകപ്പൂമാലയിൽ.
സാധ്വിതൻ വക്ഷസ്സങ്ങും വ്യാപിക്കുമക്കണ്ണുനീർ
പേൎത്തും നീ നിന്നെക്കാണും കണ്ണാടിയായീടട്ടേ. ൧൪൫

പാൎത്തുകണ്ടാവൂ നീയധൎമ്മമൂൎത്തിയേയും ത-
ന്മാൎത്തട്ടിന്നകം വാഴും നിന്നെയും വേണ്ടുംപോലെ.
നിൻ പൂൎവ്വപുണ്യമാകും ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച
ബിംബമാണതിങ്കൽ നീ കാണും നിൻ പ്രതിബിംബം. ൧൯൨

## XI

തന്നക്ഷിക്കാന്ധ്യം നീങ്ങിത്തൻഗൃഹശ്രീയെബ് ഭദ്ര-
നന്നത്രേ സാക്ഷാൽകരിച്ചാദ്യമായ് ജയിപ്പവൻ.
ഏതു ക്രൂരിരുട്ടിന്നുമൊടുവിലുഷസ്സൊന്നു-
ണ്ടേതുകല്പാന്തത്തിന്നുമഗ്രത്തിൽ കൃതയുഗം. ൧൯൩

നന്മതൻ നിഴൽത്തട്ടും തിന്മയ്ക്കു കുശലം താ-
നിമ്മന്നിലിന്നല്ലെങ്കിൽ നാളെയോ മററന്നാളോ.

തൻകല വെൺപക്ഷത്തിൽ ചന്ദ്രനു പരിപൂൎണ്ണം;
ഗംഗയിൽ ചേരുമോടപ്പാഴ്നീരും ഗംഗാജലം. ൨൱൭

ഇല്ലധോബിന്ദുവിന്നു താഴെപ്പോയാക്കും വീഴ്ച;
ചെല്ലുന്നു നാമങ്ങെന്നാൽ പിന്നോട്ടമുയച്ച താൻ.
ശുദ്ധമേ നഗ്നമാക്കാൻ ദുഷ്കാലം തുടങ്ങുമ്പോൾ
ഏതലിഞ്ഞീശൻ കാക്കും; ചേലയും മേന്മേൽ തരും.
൨൱൮

നോക്കിനാൻ വീണ്ടും വീണ്ടുമമ്മൃണാളിനിയേയു-
മാക്കൊച്ചുതങ്കത്തെയും തന്നെയും നന്നായ് ഭദ്രൻ.
തൻപൂൎവ്വതത്ഥലക്ഷ്യവും തൻ തൽകാലാവസ്ഥയും
തമ്മിലുള്ളൊരു ദൂരമീക്ഷിച്ചാൻ ഭയങ്കരം. ൨൱൯

ആവതെന്തയ്യോ! ഹാ! ഹാ! ദൈവമേ! കറങ്ങുന്നു
പാവത്തിൻതല; കത്തിക്കൊള്ളുന്നു കരൾത്തടം;
കുഴഞ്ഞീടുന്നു കഴൽ; മങ്ങുന്നു മിഴി; മേന്മേ-
ലൊഴുകീടുന്നു ചുടുവേൎപ്പുനീരുടലെങ്ങും. ൨൱൰

ക്ഷണത്തിൽക്കണ്ടക്കൊഴ്ച,വെച്ച കത്തിനെത്താഴെ,-
യണയ്പൂ തന്മെയ്യുമായ്ക്കൊന്തനെക്കല്യാണിനി.
ഓമലാൾ തൻ പുണ്യാങ്ഗസ്പൎശതാലവന്തുള്ളിൽ
രോമരന്ധ്രങ്ങൾതോറുമൂറുന്നു സുധാരസം. ൨൱൰൧

താൻ പുനൎജ്ജന്മലാഭധന്യനായതുപോലെ
സാമ്പ്രതം വിളങ്ങുന്നു സൎവ്വതോമുഖപ്രജ്ഞൻ.
പ്രേമമേ! വിശുദ്ധമാം ക്ഷേമമേ! മോക്ഷാപര-
നാമമേ! യോഗക്ഷേമധാമമേ! ജയിച്ചാലും! ൧൯൦

## XII

തന്നെയങ്കമെട്ടിൽത്താങ്ങിനിന്നിടും തൻ കാന്തയെ-
ത്തൻനറുംപൈമ്പാലിനെ-ത്തൻതണൽപ്പരപ്പിനെ—
അശ്രുധാരാൎദ്രമാമക്ഷിയുഗ്മത്താൽ നോക്കി
നിശ്ചിതാൎത്ഥമാം വാക്യമിത്തരം ചൊന്നാൻ ഭദ്രൻ. ൧൯൪

"മൽപ്രിയേ! മദ്ദീപികേ! മന്മനോമഹാരാജ്ഞി!
മൽപ്രാണാധികപ്രാണേ! മൽപൂജാഫലാംബികേ!
എൻനാഥ! മഹാഗുണശാലിനി! മൃണാളിനി!
നിന്നാൽ ഞാൻ സമുത്തീൎണ്ണൻ; നിന്നാൽ ഞാൻ സമു-
[ത്ഥിതൻ. ൧൯൮
രണ്ടുണ്ടു പുരുഷന്നു ധൎമ്മാധ്വജ്യോതിസ്സുകൾ—
അന്തരാത്മാവൊ,ന്നൊന്നു പതിയാൾ ബഹിഃപ്രാ-
[ണൻ.
ദീനാപോയ്, ഭ്രമംവിട്ടു, ജാതകപ്പിഴ നീങ്ങി,
ഞാനിതാ ഞാനാകുന്നേൻ വീണ്ടും നിൻകരുണയാൽ. ൨൦൨

ദ്രാഘീയസ്സാമെൻ സ്വപ്നം വിട്ടു ഞാൻ പ്രബുദ്ധ-
[നായ്;
രാഹുവിൻ വക്ത്രംവിട്ടു മുക്തനായ് രാകാശശി.
സുരലോകമീയൂഴി ഗൃഹത്താൽ; അതില്ലാഞ്ഞാൽ
മരുഭ്രൂ—ശവസ്ഥാനം—പാതാളം—കുംഭീപാകം. ൯൬

കണ്ടകങ്ങളായ് ത്തീൎത്താൻ നാന്മുഖൻ പുരുഷരെ-
ക്ക,ണ്ടകം നൊന്തപ്പുറം പൂക്കളായ് വധുക്കളെ.
ഇണചേൎന്നിണങ്ങിടുമിവയാൽ വിളങ്ങുന്നു
പനിനീർമലർത്തോപ്പിൻ പരിചാൎന്നിപ്പാരിടം. ൧൦൦

വാനിൽനിന്നാഴിക്കുള്ളിൽ വാരുണി വീഴിച്ചവൻ
വാനിൽവന്നിനൻ നിത്യം നാളെയും പുലൎച്ചയിൽ.
അമ്മഹസ്സെന്നുൽഗതിക്കാദൎശമായിടട്ടേ;
ജന്മം ഞാൻ ജയിപ്പിക്കാം; നീയല്ലീ സധൎമ്മിണി? ൧൦൪

നിന്നാണെ ഞാനൊന്നോതാമെന്നാണെയിക്കഞ്ഞാ-
[ണെ-
യിന്നീശീഥത്താണെയെന്നീശൻ്റെ തൃക്കാലാണെ!
ആരെന്നെയിഗ്ഗൎത്തത്തിൽത്തള്ളി? അമ്മദിരയാം
മാരിയെ—കൃതാന്തൻ്റെ കൃത്യതൻ നിഷ്ഠീവത്തെ ൧൮൦

പേറ്റും മേൽസേവിപ്പിലെൻ നാവിനാൽ—ത്വ
[ക്കാൽ—മൂക്കാൽ—
നേത്രത്താൽ—കർണ്ണത്തിനാൽ—പ്രജ്ഞയാൽ—സ്വാ-
[ന്തത്തിനാക്?
കാണട്ടേ; മൂന്നാട്ടേയ്ക്കുപോമെന്നെത്തടുത്തിടാൻ
ത്രാണി മറ്റെന്തിനുണ്ടിശ്ശത്രുവെൻ കാൽക്കീഴായാൽ?

## XIII

ഈ മട്ടിൽ പ്രതിജ്ഞാവചസ്സപ്പുമാൻ താൻ സൂക്ഷിച്ചു
പാഴ്മദ്യക്കുപ്പിയൊന്നു—തന്നൊടുക്കത്തെക്കുപ്പി—
നിരത്തിൻ മൂക്കിൽനില്ക്കും കരിങ്കല്ലിന്മേൽ വലി-
ച്ചെറിഞ്ഞാനോടിച്ചെന്നു വലങ്കൈകൊണ്ടാഞ്ഞാങ്ങി.
നവ്യഭൂലോകയാത്രാരംഭത്തിലവർ ചെയ്‌വാൻ
ദിവ്യനാം ഗണേശനു തേങ്ങയേറുണ്ടോ വേറെ?
വൈരിയാം മദ്യത്തിനെപ്പോരിൽ വെന്നവർ താങ്ങാം
ഭേരിതന്നാദ്യധ്വനി, ആയതിൻ ധ്വംസധ്വനി.
ഹാ! തകർന്നതിന്റെ ചില്ലുദ്വാസത്തിങ്കൽ സുരാ-
ബാധതൻ ബലിക്കൊടപ്പൂപോലെ പതിക്കുന്നു.
വാളെല്ലാം നിരാശയിൽ നൽക്കന്നുസ്യൂതം പൊട്ടി-
ച്ചാമ്പ് ഭ്രാന്താ താഴത്തേക്കു വലിച്ചങ്ങെറികയോ?

തല്പൂൎത്മം ധരിച്ചോരാധീരൻ തൻ മുഖാനോക്കി-
യജ്ജ്യഷ്ഠ വമിക്കയോ ഭാവഗൎഭമാം സ്മിതം?
ലഗ്നമായ്ക്കാണ്മൂ മന്നിൽ ദ്രവമൊന്നതേതാമ-
ബ്ഭഗ്നതൻ തപ്താശ്രുവോ? പ്രേതത്തിൻ ഹൃദ്രക്തമോ? ൩൨൯
മദിരാപിശാചിയോടന്ത്യമാമാമന്ത്രണം
മതിമാൻ ഭദ്രനേവമാചരിച്ചനന്തരം
ഏതകാപമാകിലുമാകട്ടെ; ഭൈക്ഷം നേടി-
പ്രീതനായ് തൻപൈതലിൻ സൌഹിത്യം വളൎത്തി-
[നാൻ. ൩൩൦
ശ്രേഷ്ഠമാമാചാരത്താൽ പെറുനാൾ പോകെത്തീൎന്നാ-
നാഢ്യനാ,യരോഗിയായ്, മൈത്രനായ്, മഹാത്മാ-
[വായ്.
തിന്മകൾക്കെല്ലാം തിന്മ ലോകത്തിൽ മദിര താൻ;
നന്മകൾക്കെല്ലാം നന്മ പതിദേവതയും താൻ. ൩൩൧

# ഐക്യഗാഥ.

---

ഇമ്മരത്തോപ്പിലെത്തെമണ്ണിക്കാററിന്റെ
മർമ്മരവാക്യത്തിന്നർത്ഥമെന്തോ?
എന്നയൽക്കാരനിൽനിന്നു ഞാൻ ഭിന്നന-
ല്ലെന്നങ്ങു നിന്നിതു വന്നുരയ്പ്പൂ.

*　　　*　　　*

മാനത്തു വട്ടത്തിൽപ്പാറുമിപ്പക്ഷിതൻ
തേനൊലിഗ്ഗാനത്തിൽ സാരമെന്തോ?
എന്നയൽനാട്ടിൽനിന്നെൻനാടു വേറെയ-
ല്ലെന്നിതു രണ്ടും കണ്ടോതിടുന്നു.

*　　　*　　　*

തൻതിരമാലതന്നൊച്ചയാലീയാഴി
സന്തതമെന്തോന്നു ഘോഷിക്കുന്നു?
ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്നതി-
താകവേ തൊട്ടറിഞ്ഞോതിടുന്നു.

*　　　*　　　*

വ്യോമത്തിൽനിന്നിടിദ്ദുന്ദുഭി കൊട്ടിയി-
ക്കാർമുകിലെന്തോന്നു ഗർജ്ജിക്കുന്നു?

രണ്ടല്ല നാകവുമൂഴിയുമെന്നിതു
രണ്ടിനും മദ്ധ്യത്തിൽ നിന്നുരയ്പൂ.

* * * *

മന്ദമെൻഹൃ,ത്തതിൻ സ്പന്ദത്താൽച്ചെയ്യുമീ-
മന്ത്രോപദേശത്തിൻ മർമ്മമെന്തോ?
ആപ്പരബ്രഹ്മം താൻ ഞാനെന്നു കൂറുന്നു
രാപ്പകലെന്നോടെന്നന്തര്യാമി.

32D.
89404
O32:1M77:23
62

# ഭാമ.

---

## I

ഉണ്ണിയുഷസ്സൊളിചിന്നിയുയന്നുയന്നുച്ചയായി;
പിന്നെയങ്ങു നിറം മങ്ങിയന്തിയുമായി.
ഇക്ഷണത്തിൽക്കാലമാകും വൻകടലിൻ മാറിൽ [നിന്നി-
ക്കൊച്ചുപകൽനീർക്കുമിള കാണാതെയാമോ?
ആകിലെന്തു? മറയട്ടെ വാസരവുമതിൻദൃഷ്ട,-
മാഗമിച്ചിടട്ടെ രാത്രി കല്യാണദാത്രി.
ഉദിക്കുന്നു; തടിക്കുന്നു; ചടയ്ക്കുന്നു; നശിക്കുന്നു;
പതിവിതിന്നെങ്ങുമാററം പ്രപഞ്ചത്തിങ്കൽ?
വാടിയ പൂ ചൂടുന്നില വാർകുഴലിൽ പ്രകൃത്യംബ;
ചൂടു നീങ്ങി സന്ധ്യാദ്ദ്രകെട്ട ചോറശിപ്പീല.
പ്രതിക്ഷണമസ്സവിത്രി തനയക്കായ്ത്തൻകനിവാം
പുതുവെള്ളമൊഴുക്കുന്നു പുഴകൾ തോറും.
ചേലിലുമ്പർ മഴവില്ലിൻ ചാറെടുത്തു വാനിടമാം
മാളികയ്ക്കു ചായമിടും കാലമിതല്ലോ!
അതുകാണ്മി,നനുഷ്ഠിപ്പിനവസരോചിതമെന്നു
കഥിക്കുന്നു നമ്മെനോക്കിക്കിളിക്കിടാങ്ങൾ.

## II

വാനിലേവം പലവൎണ്ണമൊന്നിനോടൊന്നുരുമ്മവേ,
ദീനതാപമിളംതെന്നൽ തീൎത്തു ലാത്തവേ;
ആഢ്യരത്നാകരോൎമ്മിക്ക വിഷ്ണുപദമണിതന്നെ
മാൎത്തടത്തിൽ പതക്കമായ് ലാലസിക്കവേ;
വ്യോമവീഥി താരഹാരമണിയവേ; പുരിമങ്ക
ഹേമകാന്തിയെഴും ദീപദാമം ചാൎത്തവേ;
വാടി നവമലർമാല ചൂടിടവേ; കുയിലിനം
പാടിടവേ; വരിവണ്ടു മുരണ്ടീടവേ;
കുളിർമതിയമൃതൊളിക്കതിർനിര ചൊരിയവേ;
മലയജരസം മാറിൽ മഹി പൂശവേ;
വാനും മന്നുമൊന്നിനൊന്നു മത്സരിച്ചു ചമയവേ;-
മാനുഷൎക്കു മറെറന്തുള്ളു മാമാങ്കോത്സവം?

## III

ഭാമയെന്ന പേരിലൊരു പാൎവ്വണേന്ദുമുഖിയുണ്ടു
ഭാമിനിമാർ തൊഴും ചെറുഫാലാലങ്കാരം.
പത്തിനെട്ടോടടുത്തീടും വയസ്സവൾ, കന്യതന്നെ
പതിവ്രതമാൎക്കെന്നാചി പരമാദൎശം.

ചിരകാലമകലത്തു വസിച്ച തൻ ദയിതന്റെ
വരവന്നു കാത്തിരിപ്പൂ വരവൎണ്ണിനി.
കുളിരിളന്തളിരൊളിതിരളും തൻ കളേബരം
കിളിമൊഴിമുടിമണി കഴുകി വേഗാൽ, ൩൯
ആട,യണി,യലർമാല,യങ്ഗരാഗമിവകൊണ്ടു
മോടിയതിന്നൊന്നിനൊന്നു മുററും വളൎത്തി,
വാരുലാവും തന്നുടയ മാളികയിൽ മരുവുന്നു
മേരുവിങ്കലിളങ്കല്പവല്ലരിപോലെ. ൪൦
ഏതു ശബ്ദമെങ്ങുനിന്നു പൊങ്ങുകിലുമതു തന്റെ
നാഥനുടെ വരവെന്നാ നാരിപ്പൂൺപോൎപ്പൂ;
ചിന്മയമായ് ജഗത്തെല്ലാം ബ്രഹ്മനിഷ്ഠ കാണുംപോലെ
തന്മയമായ്ത്തന്നെ കാണ്മൂ സൎവ്വവും സാധ്വി! ൪൧

## IV

മണിയറയ്ക്കരികിലായ് മങ്കയൊരു ശബ്ദം കേട്ടാൾ;
മണവാളൻ വന്നുവെന്നായ് മത്താടിക്കൊണ്ടാൾ.
ഭാവംമാറി ഹാവമായി; ഹാവംമാറി ഹേലയായി;
പൂവൽമേനി പുളകത്താൽ ഭൂഷിതമായി; ൪൨
ആരതെന്നു താർമിഴിയാൾ നോക്കിടവേ കാണുമാറായ്
ഹീരദത്തൻ നിജതാതൻ നില്പതു മുന്നിൽ.

ഒന്നു ഞെട്ടിപ്പിൻവലിഞ്ഞു സങ്കുചിതശരീരയായ്
സുന്ദരാംഗി ജനകൻതൻ പാദം ഗ്രഹിച്ചാൾ. ൫൨
"കൈതൊഴുന്നേൻ പിതാവേ! ഞാൻ; കനിഞ്ഞാലു"-
[മെന്നു ചൊന്നാൾ
ഭീതിയോടും ലജ്ജയോടും സംഭ്രമത്തോടും.
"മതി ഭാമേ! മതി പോക്ക മണിയറയ്ക്കുള്ളിൽ! നിന്റെ
പതിയുണ്ടോ വന്നുവെന്നു പരിശോധിച്ചേൻ; ൫൩
വേറെയൊന്നുമില്ല ചൊൽവാൻ:" എന്നുരച്ചാൻ ഒതൻ
[നാവാൽ;
വേറിട്ടൊരു മനോഗതമാനനത്താലും.
കോപമുണ്ടു, താപമുണ്ടു, നിന്ദയുണ്ടു തന്മുഖത്തിൽ;
ഹാ! പിഴച്ചതെന്തു താനെന്നറിഞ്ഞുമില്ല. ൩൦
ഏകപുത്രി ഹീരന്നവൾ; ഏതുനാളും ജനകനിൽ
കൈകടന്ന കനിവൊന്നേ കാണുമാറുള്ളോൾ;
എന്തൊരാപത്തെന്നോർത്തു ബന്ധുരാങ്ഗി നടുങ്ങവേ
പിന്തിരിഞ്ഞു നടകൊണ്ടാൻ ഭീതിദൻ താതൻ. ൩൧

V

വലിശതനഃതാന്നതം വദനമിളകീടവേ;
കലിതുള്ളിക്കരൾക്കളമഴിഞ്ഞീടവേ;

ഇറങ്ങുന്നു കോണിവഴി ഹീരദത്തൻ; ചിലതെല്ലാം
പറയുന്നു തന്നോടായിപ്പലിതാപീഡൻ. ന്വ്യ
"പരിഷ്കാരാപോലുമിതു! ഭഗവാനേ! മുടിഞ്ഞോരി-
പ്പരിഷ്കാരത്തിൻതലയിലിടി വീഴണേ!
പാതകപ്പാഴ്ച്ചരക്കേറവും പടിഞ്ഞാറൻപടവിതു
പാതാളത്തിന്നടിയിൽപ്പോയ്പ്പതിക്കണമേ! ൊ
എത്തിയല്ലോ കലിമുററിയിന്നിലയിൽ; മനുവിൻെറ
'നസ്ത്രീസ്വാതന്ത്ര്യമർഹതി' നാട്ടുവിട്ടല്ലോ!
ഏവളിവൾ? എൻെറമകൾ ഭാമയല്ല; മൂവന്തിയിൽ
തേവടിശ്ശി ചമയുന്ന ധികാരക്കാരി. ന്യോ
ശീലമെന്യേ ശീലയുണ്ടോ നാണമെന്യേ കാണമുണ്ടോ
ബാലികയാൾക്കൊരു കുലപാലികയാവാൻ?
ഓമനപ്പൂന്തിങ്കളെന്നു ഞാൻ നിനച്ചോരിജ്ജ്യോതിസ്സു
ധൂമകേതുവായോ തീൻു? ധൂതമെൻ ഭാഗ്യം! വ്യം
നടക്കട്ടെ പുതുമോടി; നശിക്കട്ടെ പൂർവ്വാചാരം;
ഒട്ടുക്കത്തെപ്പുതുവെള്ളമുടൻ വരട്ടെ."
എന്നു ചൊല്ലിപ്പിതു പാദനിറങ്ങുന്നു; സന്താങ്ങി
തന്നുടയ വിധിയോർത്തു തപിച്ചീടുന്നു. വ്യർ
"ഇത്തുമൊരു ലിഖിതമോ, വിധാതാവേ? ജനകന്നു
പതിദേവതയാം ഞാനോ പദവിവിട്ടോൾ?

എൻപ്രിയനെബ്ഭജിക്കുവാൻ ഞാൻ തുടരും സതീ-
[വ്രത-
മെൻപിതാവിന്നിത്രമാത്രം ഹിതമല്ലെന്നോ?
കന്യയല്ല, രണ്ഡയല്ല, പരിവ്രാജികയുമല്ല;
തനയയാം ഞാൻ ചരിക്കുന്നു തൻവധൂധർമ്മം.
സാദരമെൻമേനിയാമിപ്പൊന്മലരാൽ പ്രിയൻ നിൽ-
[ക്കെ-
യേതു ദേവദേവനെനിക്കാരാദ്ധ്യനാവൂ?
ഹന്ത! ഞാനെൻപിതാവിനുമപലപനീയയായാ-
ലെന്തുതന്നെയെന്നെനോക്കിയന്യരോതില്ല?"
എന്നു ചൊല്ലിക്കരയുന്നു കിളിമൊഴി; കുളുർമുല-
ക്കുന്നു രണ്ടും കഴുകുന്നു ചുടുകണ്ണീരിൽ.

VI

മണവാളൻ ഹൈമൻ വന്നാൽ മണിയറയ്ക്കുള്ളിൽ;
[കണ്ടാൻ
പ്രണയിനി കിടപ്പതു പരവശയായ്.
ദീനയവളാത്തതാപം തൻവപുസ്സാൽ നിവേദിപ്പൂ
മീനവേനൽ വരട്ടിന പൂമ്പൊഴിൽപോലെ.
എഴുന്നേററാം; സമീപിച്ചാം; സൽക്കരിച്ചാം;
[ലല്ലപിച്ചാം
മുഴുമതിമുഖിയെന്നും മുന്നിലെപ്പോലെ.

അതിലൊരു കുറവൊന്നുമനുഭൂതമല്ലെന്നാലും
സതിയവരം തൻ സഹജാ വെളിഞ്ഞോളെന്നും, ൧൦൮
പരിതാപമേതിനോടോ പടപൊരുതത്രേ ചെയ്‌വു
പരിചയ്യ് തനിക്കെന്നും, പതിക്കു കാണാം.
"അരുതരുതഴലേതുമരുവയർമണിമുത്തേ!
തിരുവുരുമലരെങ്ങോ? ചിതാഗ്നിയെങ്ങോ? ൧൦൯
ഏതുപിഴയറിയാതെ ചെയ്തുപോയ് ഞാൻ?
[അതിന്നേത്ര
പാദപാതശതം വേണം പ്രായശ്ചിത്തമായ്?
പ്രാണനാഥേ! തുറന്നോതു പരമാർത്ഥം! ശകാരിക്കൂ!
വേണമെങ്കിൽ പ്രഹരിക്കൂ പൊൻതളക്കാലാൽ!"
൧൧൦
എന്നുരച്ചു തൻവദനമുറവുനോക്കും പ്രിയനോടു
തനിച്ചൊന്നാൾ:—"ഒന്നുമില്ലിതൊന്നുമേയില്ല!
ആബലമാക്കനിയതം ഹസിതവും രുദിതവും—
അബലത്തിൽ കരഞ്ഞുപോയ് ചിരിക്കേണ്ടോൾ
[ഞാൻ. ൧൧൧
എന്നുചൊല്ലിക്കളിരിളംപുഞ്ചിരിപൂണ്ടനുകനെ-
സ്സുന്ദരിയാൾ സുഖിപ്പിച്ചാൾ സുകരമായി.
ആ രജനിയന്തരത്തിലങ്ങനതന്നുകല്പ്പമാ-
ലാരുമാരുമറിയാതെ കഴിഞ്ഞുകൂടി. ൧൧൨

# VII

അടുത്ത നാളന്തിനേരമരികിൽ വന്നച്ഛൻ കണ്ടാൻ
മട്ടുത്തുകംമൊഴിയാളെ മറെറാരുമട്ടിൽ.
കോതിവകഞ്ഞൊതുക്കാത്ത കുന്തലികലലരില്ല,
പാതിമതിനുതലിങ്കൽ ചാന്തുപൊട്ടില്ല; ൧൱൮
കാതിൽവൈരക്കമ്മലില്ല; കൈയിൽ മണിവളയില്ല;
കാലിലിളങ്കുയിലൊലിപ്പൊൻചിലമ്പില്ല;
ഹാരമില്ല കഴുത്തിങ്കൽ; കാഞ്ചിയില്ല കടിയിങ്കൽ;
ഹീരരത്നഭൂഷയില്ല നാസികയിങ്കൽ; ൧൱൯
ഒട്ടുമൊരു പൊൻനുറുക്കിൻ തൊട്ടുതെറിപ്പേററിടാതെ
കെട്ടുമിന്നും കഴുത്തുമായ് കേവലമയ്യോ!
അരിയ തൻമലർമെയ്യിലത്തിന്നേതുമിണങ്ങാത്ത
വെറുമലവലപ്പഴമ്പുടവ ചുററി ൧൱൰
പാട്ടിൽ ചിന്താനിമഗ്നയായ് ഭാമവാഴ്വൂ മുഖം താ- [ഴ്ത്തി-
യേട്ടങ്കേറി ഗ്രസിക്കുന്നോരിന്ദിരപോലെ.
ചരിതാർത്ഥനായി ദത്തൻ; തനതോമൽത്തനയയിൽ
പരിപൂർണ്ണപ്രത്യയത്താൽ പ്രസന്നനായി; ൧൱൰൧

“കൺകളിപ്പിച്ചിയലുമിക്കാഴ്ചയാൽ ഞാൻ ജയി-
[ക്കുന്നേൻ;
എൻകുലത്തിൻ മുതുനന്മയ്ക്കിടിവില്ലിന്നും.
ഭാമയെൻെറ പൈതലല്ലേ? ഭാഗധേയത്തിടമ്പല്ലേ?
പാമരൻ ഞാനവളിലോ പാതകമോതി? ൯൦

ഭാമേ! നിന്നെബ് ഭജിക്കട്ടെ ഭാവുകങ്ങൾ”; എന്നു
[ചൊന്നാൻ
ഭാമയതു പാതികേട്ടു; പാതികേട്ടീല.
ജനകനാം നടകൊണ്ടാൻ ചിബുകത്തിൻ വെളുപ്പിന്നു
പുനരുക്തിയരുളുന്ന പുഞ്ചിരി തൂകി. ൯൧

## VIII

വരനുടൻ വന്നുചേർന്നാൻ; വനിതമാർ മുടിപ്പൂൺപിൻ
പരവശനില കണ്ടാൻ; പരിതപിച്ചാൻ.
“കരഞ്ഞാളിന്നലെ രാവിൽ കരംനൊന്തെൻ കള-
[വാണി
പരമാർത്ഥമെന്നിൽനിന്നു മറച്ചുവെച്ചാൾ. ൯൨

നളിനനയനപൂണ്ടാൾ നവവധൂചിതവേഷം;
കുളിരെനിക്കരുളിനാളകതളിരിൽ.
പേർത്തുമിന്നാമട്ടുവിട്ടെൻപ്രേമധാമമമരുന്നു
ബൌദ്ധസംഘാരാമത്തിലെബ് ഭിക്ഷുണിപോലെ.
൯൩

മതിഭ്രമമുദിക്കയോ? മറുത താൻ ഗ്രഹിക്കയോ?
പതിയുടെ ചിത്തവൃത്തി പരീക്ഷിക്കയോ?
എന്നു ചിന്തിച്ചമ്പരക്കും തൻപ്രിയനോടോതി ഭാമ
"സുന്ദരമോ ദയിതന്നിശ്ശുഭമാം വേഷം?" എന്നു
"എന്തു ചോദ്യമിതു ഭാമേ? നിൻ പ്രിയൻതൻ വധു-
[നീയോ?
നിൻ തുകിലോ? നിന്നണിയോ? നിൻ തിലകമോ?
ശങ്കയെന്തിന്നിത്തരത്തിൽ? തത്വമോർക്കു ഭവതിക്കു
തങ്കമേ! ഞാനെന്നുമെന്നും ദാസാതിദാസൻ. എന്നും
തന്വി! നിൻ നിരാഭരണസുന്ദരമാം തനുവിതു
മുന്നിലേറ്റം ദയിതന്നു മോഹനമല്ലീ?
എന്നുരച്ചോരുമ്മവച്ചാൻ പങ്കിലമാം തന്മുഖത്തിൽ;
തന്നുടയ ചൊടി കൈയാൽ തുടച്ചാൻ പിന്നെ. എന്നര
അതിന്നൊന്നും മറുപടിയല്ലിവേണിയരുളാതെ
മൃദുമന്ദസ്മിതസിത വിതറി നിന്നാൾ.
ആയിരവുമപ്പുറവും ചിന്തയവർക്കുള്ളിലേറ്റി-
യായിരവും ചെന്നുപററിയഹർമ്മുഖത്തിൽ. എന്നവ

IX

അന്തരുണിയെത്രമാത്രമാതിഥേയിയെന്നു കാണ്മാ-
നസ്തമനസന്ധ്യയൊന്നു വീണ്ടുമങ്ങെത്തി.

ജായയും താൻ; പുത്രിയും താൻ; വേണ്ടതെന്തെന്നങ്ങു-
[മിങ്ങു-
മൃയലാടിക്കളിക്കയൊണോമലാംഗകളെല്ലാം. ഫലെ
പതിയുടൻ വന്നുചേൎന്നാൻ; പടുവൃദ്ധൻ ജനകനും,
പ്രതിപത്തിവിമൂഢൻ തൽപരിസരത്തിൽ.
ഭൃശമവർ മൂന്നുപേരും വിശദമായ് കേൾക്കുംവണ്ണ-
മശരീരിവാക്കൊന്നപ്പോളവതരിച്ചു. ഫന്നു
"ഹീരദത്ത! ഹീരദത്ത! ഹീനമീനിൻ വ്യവസായം;
നീരലർമിഴിയിവളിൽ നീതികേടില്ല.
നിൻെറ ലോകപരിചയം നിഷ്ഫലമായ്ത്തീൎന്നു-
[വല്ലോ;
ഹന്ത! നീ നിൻ പൂൎവ്വവൃത്തം മറന്നുവല്ലോ. ഫവ്വം
ഒരു മതിമുഖിയാളെസ്സധൎമ്മിണിയാക്കിയോൻ നീ;
തരുണിമക്കളിപ്പൊയ്ക്ക തരണംചെയ്തോൻ;
ഏതുമട്ടിൽ നിൻപ്രിയയെയന്നുകാണ്മാൻ കൊതിച്ചു-
[നീ;
ഏതുമട്ടിലവൾ നിന്നന്തികയിൽ മേവി? ഫവ്യർ
സ്മൃതിധൎമ്മം നരാഗ്ര്യ ശരിവരുത്തനുഷ്ഠിച്ചാൽ
മതി, യന്നു മഹിയിതു പകുതിനാകം.
തക്ക മാറിത്തോടയാവാം; തോട മാറിക്കമ്മെലാവാം;
അക്കണക്കിൽ വരും മാററമല്ലവിഷയം. ഫവ്വവ്വ

കാതണിയാൽ മുഖത്തിന്നു കാന്തിയേറുമെന്നതതു-
മാദരിപ്പൂ പണ്ടുമിന്നും ജായാപതിമാർ.
"അലങ്കുർവീത നിശായാം സദാ ദാരംപ്രതി"യെന്ന
പഴയ സദുപദേശമാപസ്തംബോക്തം·
അണിയണം പുമാനെന്നായരുളിനാനമ്മഹർഷി;
വനിതതൻ കഥയുണ്ടോ വഹിപ്പാൻ പിന്നെ?
പഴയതു പുകഴ്ത്തുന്നു; പുതിയതു പഴിക്കുന്നു;
പഴയതും പുതിയതുമറിഞ്ഞിടാത്തോർ.
പഴയതു മരാമര, മിടയിലേതിത്താംക്കണ്ണി;
പഴയതു കലപ്പുററാൽ പുതിയതായി.
പരസ്വം താൻ കുലകന്യ; ജനിതാവിന്നധികാരം
പരിണയത്തോളവും താൻ നിജസുതയിൽ.
വെണ്മതിയും യാമിനിയും വേളികഴിഞ്ഞൊന്നുചേരു-
മംബരത്തിൽ വാഴ്‌വിലക്കനൗചിത്യവേദി.
ന്യൂനമവരേതുവിധം ലോകയാത്ര ചെയ്യുതെന്നു
താനുളിത്തു നോക്കനീലാസ്സഹസ്രപാദൻ.
ഇന്നലത്തെദ്ദിനം തന്റെ സന്തതിയാമിദ്ദിനത്തെ-
ത്തന്നരുവിൽ വളർത്തുകിൽത്താഴും തദംശം.
ദിനന്തോറുമുദയത്തിൽ ദിനകരനുണരുന്ന
ജനതയിൽ നവാദർശം ജനിപ്പിക്കുന്നു.

ജീവനററവകമാത്രം ചീഞ്ഞു മണ്ണിലടിയുന്നു;
ജീവനുള്ളതശേഷവുമുൽഗമിക്കുന്നു.
ഹരിദ്വാരത്തിങ്കൽ ഗങ്ഗയൊരുമട്ടിലൊഴുകുന്നു;
പരിചിൽ മറെറാരു മട്ടിൽ പ്രയാഗയിങ്കൽ; ൧൧൮
പലശാഖാനദികളാം സഖികൾ തൻ സമാഗമ-
മലമതിന്നകവിരിവരുളിടുന്നു.
പേർത്തും പച്ചപ്പട്ടുടുക്കും യൌവനത്തിൽ പിലാവില;
വാർദ്ധകത്തിൽ മാത്രം ചാർത്തും കാഷായം മെയ്യിൽ;
൧൧൯
"തീർന്നിടേണമിക്ഷണത്തിൽ നീയുമെന്നോടൊപ്പ"-
[മെന്നു
ശീർണ്ണപർണ്ണമോതുന്നില പല്ലവത്തോടായ്.
കാലനേറും കരാളമാം കരിമ്പോത്തിൻ കഴുത്താലേ
ലോലഘണ്ടാരവമല്ലീ ഭദ്രേ! നീ കേൾപ്പൂ. ൧൨൦
ഹാ! മറെറന്തു ചെവിക്കിമ്പം നിനക്കിപ്പോൾ നിൻ-
[കിടാവിൻ
കോമളക്കൈത്തരിവളക്കിലുക്കമെന്യേ?
ഏതുപുരുഷാന്തരവുമായതിൻെറ യോഗക്ഷേമം
സാധിക്കുകിൽ മതി; ഭാവി ഭാവിയെക്കാക്കും. ൧൨൧
ബന്ധിക്കൊല്ലേ നാമിന്നത്തെക്കൈയാമത്താൽ നമ്മു-
[ടയ
സന്തതിയെസ്സംവത്സാദിത്യോദയത്തോളം.

ന്ധനമയത്തു പൊട്ടും തുണ്ടുതുണ്ടായ് ക്കറെനാളി,-
ലാനൃശംസ്യവ്രതമല്ലീ കാലം ചരിപ്പൂ?
പരിണാമകങ്ങളാകും പരിതഃസ്ഥിതികൾക്കൊപ്പം
പരിപാടി ലോകമെന്നും പരിഷ്കരിക്കും."

ഈ മാതിരി വചസ്സിനാൽ ഭാമ, തൻെറ സുതയല്ല,
ജാമാതാവിൻ പ്രിയയെന്നു ധരിച്ച നേരം
പഴയതിൻ ശത്രുവല്ല പുതിയതെന്നുള്ള തത്വം
കിഴവന്നു ബോദ്ധ്യമായി; സുഖവുമായി.

കാലദേശോചിതമാകും കർമ്മാദ്ധ്വാവിൽ സഞ്ചരിച്ചാർ
ശ്രീലരാമദമ്പതിമാർ ശീലനിധിമാർ.

——(0)——

# "മാറ്."

## I

"ഹോയി ഹോയ് ഹോയ്" എന്നൊരാളോട്ടുന്നു വ-
[ഴിക്കു നി;-
ന്നായതു ചെവിക്കൊൾവീലാഗമിപ്പവനന്യൻ.
"മാറെടാ തീണ്ടാപ്പാടിനപ്പുറം; ചണ്ഡാലൻ നീ;-
യാരെന്നൻ ഞാൻ" എന്നവൻ പിന്നെയും തകൎക്കുന്നു.
ശ്രീകാശിയാണു സ്ഥലം! ഭിക്ഷുവാണതോതുന്നോൻ!!
പോകയാണുഷസ്സിങ്കൽ ഗംഗയിൽ സ്നാനത്തിനായ്!!!
സാമാന്യനല്ലപ്പുമാൻ സൎവ്വജ്ഞൻ; ജിതേന്ദ്രിയൻ;
ശ്രീമച്ഛങ്കരാചാൎയ്യരദ്വൈതവിദ്യാഗുരു.
ആയവൻ തൎജ്ജിപ്പതോ ലോകബാഹ്യനാമൊരു
നായാടി—ധൎമ്മാഭാസം നായാട്ടും വനമൃഗം.
ദുസ്ത്യജം കൂടപ്പിറപ്പായിട്ടും ജാതിദുർബ്ബദ്ധ-
ള്ളത്രമേൽ തനിക്കുതാൻ പോന്നോരാം മഹാന്മാൎക്കും.

## II

പുഞ്ചിരിക്കൊണ്ടാവാക്കിനുത്തരം ചൊന്നാൻ വന
പഞ്ചമൻ: "ജാതിപ്പിശാചങ്ങളെയും വിട്ടീലല്ലോ!

തീണ്ടലോ പരിവ്രാട്ടേ! ജീവിയെജ്ജീവി?ക്കെത്ര
യാണ്ടുപോയ് ഹാ ഹാ! ലോകമജ്ഞാനച്ചളിക്കുണ്ടിൽ!
ഞാനൊന്നും ധരിക്കാത്തോനെങ്കിലും ചോദിക്കട്ടെ:—
മാനുഷൻ ദേഹത്തിങ്കൽദ്ദേഹിയേ പൂണ്മോനല്ലി?
ഈ രണ്ടിൽത്തീണ്ടേതിന്നു? പാഞ്ചഭൗതികം ദേഹ-
മാരണന്നൊപ്പംതന്നെയന്ത്യജന്നുള്ളോന്നല്ലീ?
താനൊററക്കുശക്കുഴിമൺകുഴച്ചല്ലീ തീർപ്പൂ
മാനുഷക്കശേഷവും ലോകേശൻ കളേബരം?
പെററിടുംമുൻപൊന്നു താൻ; ചത്തിടുംപിൻപൊന്നു [താൻ;
മുററുമിമ്മണ്ണൊക്കെയും: തീണ്ടലതിടയ്ക്കിതിൽ?
ദേഹിക്കോ പിന്നെത്തീണ്ടൽ ദേഹിയെ?ബ്ഭേദാ- [തീത-
മേകമദ്വയം ദേഹിയെന്നല്ലീ വേദാന്തോക്തി?
കതിരോൻ സുരയിലും സുരനിമ്നഗയിലും
പ്രതിബിംബിക്കുന്നില്ലേ സമമായ് സമദർശി?
ആരെയാക്ഷേപ്പാൻ തീണ്ടലേതുപാധിയാൽ? നമ്മ-
ളൌരസാത്മജരല്ലീ ഭൂദേവിക്കഖിലരും?
മൌലികമാമിത്തത്ത്വമോർക്കാതെയല്ലീ ഭവാൻ
ബാലിശം 'മാ'റെന്നുള്ള വാക്കെന്നോടുരയ്ക്കുന്നു?

അങ്ങങ്ങേ മറന്നുപോയ്—കാശിയെ—ജ്ജാതിഭ്രാന്തിൽ
ഗംഗയെ—സാക്ഷാദവിശ്വനാഥനെ—ബ്ര്വഹ്മത്തിനെ.
തത്ക്ഷത്തിലങ്ങൊന്നൊരിസ്സന്ന്യാസിവേഷം കണ്ടു
പുഞ്ചിരിക്കൊരംവു കാലം പുലരിവ്യാജത്തിനാൽ."

## III

വൈമല്യം വാച്ചീട്ടമാവ്യാധൻ തൻവാക്യം പാഞ്ഞു
വാർമഞ്ഞും ഗങ്ഗയ്ക്കൊപ്പം ഭിക്ഷുവിൻ മനക്കാമ്പിൽ.
കോപമാം ചെന്തീ കെട്ടു; മോഹമാം ധൂമം നീങ്ങി;
താപസശ്രേഷ്ഠൻ വീണ്ടും സ്വസ്ഥനായ് ശമാധീനൻ.
ഓക്കയും ചെയ്താൻ: "ഹാ ഞാനെന്തയ്യോ പുലമ്പിനേ-
[ൻ
മൌർഖ്യത്താലിസ്സിദ്ധൻെറ മാഹാത്മ്യം ഗ്രഹിക്കാതെ?
പൊൻമേടത്തലയ്ക്കുമേൽക്കാക്കതൻ കാഷ്ഠം വീഴാം;
നിമ്നമാം ഖനിക്കകം ഹീരവും വിളഞ്ഞിടാം.
താർമകൻ തൻകൈക്കള്ളി കണ്ടതാർ? പൊഴിക്കുന്നു
നാന്മറപ്പൂന്തേൻമാരി നാവിനാൽ നായാടിയും.
കൌശികദ്വിജാഹന്താഹന്താവാം ധർമ്മവ്യാധൻ
വ്യാസനാൽ പ്രകീർത്തിതൻ; തദ്വംശമേതദ്വംശം.

എന്നെയും സമ്പൂൎണ്ണനായ്ത്തീൎക്കുവാനിദ്ദേഹത്തിൻ
സന്നിധാനത്തെദ്ദൈവം കല്പിച്ചാൽ തെറ്റെന്തതി-
[ൽ?"

ഇത്തരം ചിന്തിച്ചോതി വീണ്ടുമപ്രജ്ഞാശാലി:
"സത്യംതാൻ ഭവദ്വാക്യം സൎവ്വവും മഹാത്മാവേ!
ആവതും യോഗസ്ഥനായ് വാഴ്കിലും കൂടെക്കൂടെ-
ദ്ദൈവം ഞാൻ സ്ഖലൽപദൻ മൎത്ത്യനെന്നോൎപ്പി-
[ക്കുന്നു.

അങ്ങയെദ്ദൎശിച്ചാവാമെൻശാപവിമോചന-
മങ്ങേക്കൈ തൊട്ടിട്ടാവാമെൻതേരിൻ പുരോഗതി.
വൈശസം ചെയ്യേനല്ലോ ഞാനങ്ങേയ്ക്കന്തേവാസി; *
യാചിപ്പൻ ക്ഷമാഭിക്ഷ—യായതെൻ യതിവ്രതം.
എങ്ങുമിച്ചരാചരബ്രഹ്മാണ്ഡഭാണ്ഡത്തിങ്ക-
ലങ്ങയെക്കാണ്മോരങ്ങെന്നദ്ധ്യാത്മവിദ്യാചാൎയ്യൻ.
പൂജ്യപാദനായുള്ള ഗോവിന്ദഗുരുവോടും
പ്രാജ്യമാമീവിദ്യ ഞാൻ പാതിയേ പഠിച്ചുള്ളു.
അങ്ങുതാൻ തദുൽഗ്രന്ഥശിക്ഷകൻ—യാവജ്ജീവ-
മങ്ങേയ്ക്കേൻ സഭാജനമദ്വൈതപ്രവക്താവേ!"

---

* 'അന്തേവാസി' എന്ന ശബ്ദത്തിനു നിഷാദനെന്നും അൎത്ഥമുണ്ട്.

എന്നുരച്ചവൻചൊല്ലി പഞ്ചകം മനീഷാഖ്യം
പിന്നതെസ്സൂത്രഭാഷ്യമന്ത്രത്തിൻ പ്രണവമായ്.
അന്നമന്ദാനന്ദാശ്രുമഗ്നനാമദ്ധന്യന്നു
പുണ്യമാം ഗംഗാസ്നാനം പുനരുക്തമായ്ത്തീൎന്നു."

## IV

അബ്ദമെത്രയോ പോയി ഭിക്ഷുവും നായാടിയു-
മിത്തരം സംഭാഷണം ചെയ്തകന്നതിൽപ്പിന്നെ.
ധാത്രിയെന്തതിൻ പൊരുളെന്നിന്നും ധരിപ്പീല;
ധാത്രിതന്നുറക്കപ്പാട്ടായതിന്നീവാഗ്വാദം.
പങ്കമററുണ്ടായ്പോലും ഭാരതോൎവ്വിയിൽപ്പണ്ടു
ശങ്കരാചാൎയ്യൎക്കൊരു ചണ്ഡാലമഹാചാൎയ്യൻ:—
എന്നുതാനീയൈതിഹ്യമൎത്ഥവാദാകാരത്തിൽ-
പ്പിന്നാളിൽ സത്യാനൃതമെന്തതിൽച്ചേൎന്നീടിലും.
എന്താവാമിതിൻസാരം? സംഭ്രതനെന്നായ് വരാം
മന്താവാം മഹാനേകൻ മാതംഗവംശത്തിങ്കൽ;
ചേണെഴും ശ്രീകാശിയിലക്കാലമാടിപ്പാടി
തൂണിലും തുരുമ്പിലും ശ്രുത്യന്തസരസ്വതി;
അദ്ദേശപ്രാന്തത്തിങ്കൽ വാണിട്ടും വ്യാധൻപോലു-
മദ്വൈതജ്ഞാനം നേടിജ്ജീവന്മുക്തനായ്ത്തീൎന്നു.

ഉപരിഗ്രന്ഥങ്ങൾതൻ പഠനംകൊണ്ടല്ലാതെ-
യപരോക്ഷാനുഭൂതി വരികില്ലെന്നില്ലല്ലോ.
ശൂദ്രനാമദ്ദേഹത്തിൻ മുന്നിൽ—എന്തോതാം?—ഒരു
പുസ്തകം തിന്നും പുഴ പൂജ്യനാം ജഗൽഗുരു!
ആചാര്യൻ തപസ്വിയാമന്നിഷാദനെപ്പററി
രാജാവിൻ മുന്നിൽക്കടന്നാക്രോശം തുടന്നീല;
ജ്ഞാനമെങ്ങങ്ങേ മേന്മ, ജാതിക്കോൽ കൊണ്ടല്ലതിൻ
മാന,മെന്നോർത്തങ്ങോട്ടു കൈകൂപ്പിയത്രേ നിന്നു.
ആത്മജ്ഞനാമാവ്യാധനാചാര്യഗുരുവെങ്കി-
ലാത്മജ്ഞനാപ്തിക്കേതു തദ്വംശ്യക്കപാത്രത്വം?

## V

ഞാനറിഞ്ഞീടുന്നുണ്ടു ചണ്ഡാലനല്ലപ്പുമാൻ
ദീനബാന്ധവൻ ശിവൻ താനെന്ന ജനശ്രുതി.
ശങ്കരൻ ബ്രഹ്മജ്ഞാനി കണ്ടിരുന്നിടാം സാക്ഷാൽ-
ശങ്കരൻതൻ രൂപത്തിലപ്പോളന്നിഷാദനെ.
തന്നെപ്പോൽ ചരാചരം സർവ്വവും കാണ്മാനുള്ള
കണ്ണുള്ളോൻ 'ശിവോഹ'മെന്നോതുവോനാണമ്മ-
[ഹാൻ;
ആകയാലമ്മട്ടവൻ വ്യാധനെഗ്ഗിരീശനാ-
യാലോകിച്ചിരുന്നിടാമദ്ദിവ്യക്ഷണത്തിങ്കൽ.

അല്ലെങ്കിൽ ഗംഗാധരൻ തന്നെ തൽപുരോഭ്രുവി-
ലുല്ലസിച്ചതാകട്ടെ;യെങ്കിലും തെറ്റെന്തതിൽ?
എന്തിന്നായ് വിശേശ്വരന്നപ്പുരിവ്വാട്ടിൻ മുന്നി-
ലന്ത്യജൻതൻ വേഷത്തിലാഗമിക്കുവാൻ തോന്നി?
വഹ്നിയായ് വരാം പണ്ടു ഗൌരിതൻ സമീപത്തി-
ലെന്നമട്ടതല്ലല്ലോ ചെയ്തതദ്ദയാസിന്ധു.
ക്ഷത്രിയൻ കിരീടിതൻ ദൊൎമ്മദം ശമിപ്പിച്ച
ലുബ്ധകൻ വേണം വിപ്രൻ 'കൈപ്പുള്ളി'ക്കാന്ധ്യം-
[നീക്കാൻ.
"ആഢ്യനാമെൻ വത്സ! കേൾ; ലോകമാം നിശ്രേണി-
[തൻ
ചോട്ടിലുണ്ടൊട്ടേറെപ്പേരെൻരൂപം ധരിപ്പവർ.
നിങ്ങൾതൻ സംവാദത്തിലന്ത്യജർ—സാധുക്കളാ-
മെൻകടക്കിടാങ്ങൾ—ഞാൻ പ്രത്യേകം പോറേറണ്ടവ-
[ർ.
എത്രമേൽ ബ്രഹ്മസൂത്രഭാഷ്യം നീ നിൎമ്മിക്കിലു-
മെത്രമേൽ സൎവ്വജ്ഞപീഠാരൂഢനായീടിലും
ഇക്കിടാങ്ങളും നിന്റെ സോദരന്മാരെന്നോൎത്തേ
ശക്യമായ്ത്തീരൂ നിനക്കെൻപദം പ്രാപിക്കുവാൻ.
ഇക്കാൎയ്യം കഥിക്കുവാനിമ്മട്ടിൽ വന്നേൻ:" എന്നാം
ചിൽക്കാതലാചാൎയ്യന്നു നൽകിയോരുൽബോധനം.

തന്നായ്ക്കൂ തന്നോടൊപ്പം കേറിടാൻ പാടില്ലാത്തോ-
രന്നാകമാശിപ്പീല താനെന്നാൻ യുധിഷ്ഠിരൻ.
നമ്മളോ മന്നിൽത്തന്നെ നമ്മൾതൻ ഭ്രാതാക്കളെ-
ധൎമ്മത്തിൻപേരിൽത്തള്ളിയാട്ടിപ്പാരദൈവതികൾ!
ആകവേ നരബലി ജാതിയാം പിശാചിന്നു
ഹാ! കോടിക്കണക്കിന്നു നൽകുന്നോരഹിംസകർ!!
'മോ'റെന്നു നാമിന്നോതും വാക്കു നാം നാളെക്കേൾക്കും
നൂറുനൂറിരട്ടിച്ചു നാകത്തിൻ ദ്വാരത്തിങ്കൽ.
മുററുമേ ലോകാചാൎയ്യൻ ശങ്കരൻ പോലും ചൊല്ലി-
ത്തെറേററ വാക്കാണാവാക്കെന്നു നാം മറക്കൊല്ലേ!

# ഭാവനാഗതി.

---

വാനത്തു വാർതിങ്കളുയൎന്നുയൎന്നു
പാരത്രയം പാൽക്കടലാക്കിടുന്നു;
അതിങ്കലാറാടിയനേകലോക-
രാനന്ദപീയൂഷമശിച്ചിടുന്നു. ൧

ഊണും കഴിഞ്ഞപ്പൊഴുതുമ്മരത്തി-
ലുലാത്തി നില്ക്കുന്നു യുവാവൊരുത്തൻ;
തൻകൈയണിക്കുഞ്ഞിനവന്റെ തയ്യൽ
താലോലമേകുന്നു സമീപമെത്തി. ൨

ചിരിച്ചിരുന്നോരു കിടാവു തെല്ലു
ചിണുങ്ങി വെൺതിങ്കളെ നോക്കി നോക്കി;
അരുളുന്നുമമ്മയുക്കമടുക്കൽവേണ-
'മമ്മാവനും'; കൊച്ചുണ്ണതാണു മോഹം. ൩

കടുത്തു ചൊന്നാൾ കളവാണി: "എന്റെ
കൈവല്യവിത്തേ! കവിവാക്കു കേൾക്കൂ!
'കേരത്തിൽ വേണം ശശിയെന്നു ബാലൻ
കരഞ്ഞുകൊണ്ടാലടിതന്നെകൊള്ളും.' ൪

അകത്തുപോകാ, മരുതെന്നൊടിമ്മ-
ട്ടലട്ട"ലെന്നമ്മടവാർ ചൊടിച്ചു;
"അമ്മേ! വരില്ലമ്പിളി കൈവരാതെ-
യങ്ങോട്ടു ഞാ"നെന്നവനും ശഠിച്ചു. ൫

കാവേണിതൻവാക്കവൊക്കതൻപ്രിയന്റെ
കണ്ണങ്ങളൂടേ കരളിൽക്കടന്നു;
താതന്റെ കൺവണ്ടുകൾ മാറിമാറി-
ത്തൻകുഞ്ഞിലും ചന്ദ്രനിലും കളിച്ചു. ൬

പഠിച്ചതാണക്കവിവാക്കു താനും;
പലപ്പൊഴും കേൾക്കുവതാന്നു താനും;
എന്നാലുമന്നായതവന്റെ ഹൃത്തി-
ലേതോ വികാരത്തിന്ന വിത്തുപാകി. ൭

കണ്ണീർപൊഴിക്കും ശിശുവിന്റെ നേക്കു
കൈകൊണ്ടൊരോങ്ങോങ്ങി കയർത്തു നല്ലാർ;
'കാട്ടൊല്ല വിഡ്ഢിത്തര'മെന്നു ചൊല്ലി-
ക്കടന്നതിങ്കൽപ്പിടികൂടി കാന്തൻ. ൮

"താഡിക്കയോ കുട്ടനെ നീ? അതിന്നു
തായാട്ടവൻ കാട്ടിയതാരൊടാവോ?

മാഴ്കുന്നുവെന്നോ മതിയെക്കൊതിച്ചു?
മററന്തിലെന്നോമന തെററുകാരൻ? ൯

അന്തിക്കണ്ണെത്തമ്പിളി വിശപ്പമിമ്മ-
ട്ടാകൎഷണം ചെയ്യതനീതിയല്ല!
അതിൻെറ ശക്തിക്കടിമപ്പെട്ടുന്നൊ-
രാരോമലെൻകുഞ്ഞപരാധിപോലും!! ൧൦

ആകാശഗംഗയ്ക്കകമേ കരത്താ-
ലാരീ വെള്ളത്താമ്പൽ വിടൎത്തിടുന്നോൻ;
ആത്തിങ്കളല്ലീ പിഴയാളി—വത്സ-
ന്നക്ഷിദ്വയം നൽകിനൊരാദിദേവൻ? ൧൧

ചരിപ്പതെങ്ങമ്മതി; യങ്ങുനിന്നെൻ
തങ്കക്കുടം ധാത്രിയിൽ വന്നിരിക്കാം;
അവൻെറ കൃത്യങ്ങൾ കഴിച്ചു വീണ്ടു-
മങ്ങോട്ടു പോകുന്നതുമായിരിക്കാം. ൧൨

പ്രാശിച്ചുവോ രോഹിണിതൻ മുലപ്പാൽ
പണ്ടെൻെറ കുട്ടൻ വിധുമണ്ഡലത്തിൽ?
വാരിക്കളിച്ചോ ബുധനോടുകൂടി
വാനപ്പുഴത്തുമണൽ? ആരു കണ്ടു! ൧൩

ഹാ! നാം നിനയ്ക്കുംവിധമിക്കിടാവി-
ന്നജ്ഞാതനല്ലമ്പിളി,യായിടേണ്ട;
മുഴുക്കെയെൻ പൈതലിനുള്ളിൽനിന്നു
മുജ്ജന്മബന്ധസ്മൃതി നീങ്ങിടേണ്ട. ൧൪

ആ വെള്ള ശീതാംശു മറന്നിരിക്കാം;
അല്ലെങ്കിലെന്തിത്ര വരാനമാന്തം?
അധഃപതിച്ചാൽ സ്വജനങ്ങളേയു-
മത്യച്ഛരാവോരറിവില്ലതന്നെ. ൧൫

അല്ലെങ്കിലും മംഗലദേവതയ്ക്കു
കൂടെപ്പിറപ്പാം കുളുർതിങ്കളിങ്കൽ
ആശാങ്കുരം വായ്പതിനാരെയാക്ക
കുററപ്പെടുത്താനധികാരമുള്ളു? ൧൬

ആശിക്ക! സൃഷ്ടിക്കു ജഗൽപിതാവു-
മാശിച്ചുവെന്നായ് * ശ്രുതിപൊങ്ങിടുന്നു;
നരന്നു തൻ ജീവിതമാശ; മൃത്യു
നൈരാശ്യ,മെന്നാണഭിയുക്തവാക്യം. ൧൭

---

* സോകാമയത, ബഹുസ്യാം പ്രജായേയേതി (തൈത്തിരീയോപനിഷത്).

അഹോ! നികൃഷ്ടം തൃണവും വെറുക്ക-
മാദർശസൌഭാഗ്യമകന്ന ജന്മം;
അതല്ലയല്ലോ നിലയെൻകിടാവി-
ന്നവൻെറ മാർഗ്ഗങ്ങൾ ശിവങ്ങൾ തന്നെ. ൧൭

വിളക്കിലല്ലെൻ ശിശുവിന്നു വാഞ്ഛ;
മിന്നാമിനുങ്ങിൻ നിരയിങ്കലല്ല;
താരോൽകരത്തിങ്കലുമല്ല; സാക്ഷാൽ
ചന്ദ്രങ്കൽ—ഉമ്പർക്കുമെത്തുട്ടവോൻകൽ! ൧൮

അത്യുച്ച, മത്യുജ്ജ്വലമവൻെറ ജന്മം;
അത്രയ്ക്കുമോമയ്ക്കുവനർഹനല്ലീ?
ആക്കം കനിഞ്ഞത്തരമാശ നൽകു-
മാദർശസമ്പത്തഭിമാനമല്ലീ? ൨൦

ആശപ്പെട്ടുന്നോൻ വ്യവസായശാലി;
അധ്വാനശീലൻ ഫലമാസ്വദിപ്പോൻ;
ആശിച്ചു നാം ജന്മമവന്ധ്യമാക്കാം;
ആശയ്ക്കു താൻപോലഖിലാർത്ഥസിദ്ധി. ൨൧

അത്യുൽകടാശാഫലമായ് ജഗത്തി-
ലണക്കളെശ്രീശചരരായിട്ടുന്നു;

ആശിപ്പതെന്തിന്നതു നാളെ നേടാ-
മപാവൃതം മർത്ത്യമതിൻ കവാടം. ൨൨

ഇന്ദുക്കളോരോ ശതകത്തിൽ നമ്മൾ-
ക്കിന്നുള്ള സമ്പത്തുകൾ മിക്കവാറും;
ഏകാന്തമായ് മാനുഷനിച്ഛ വെച്ചാ-
ലേതിന്ദു തൽകന്ദുകമിന്നുമാകാ? ൨൩

അഹോ! ജയിക്കുന്നു ചെറുപ്പം-ആരു-
മസാദ്ധ്യമെന്തെന്നറിയാത്തകാലം;—
ആശയ്ക്കു മർത്ത്യന്നതിരിട്ടിടേണ്ടോ-
രാവശ്യമില്ലാത്ത ദശാവിശേഷം. ൨൪

അസാദ്ധ്യം—ആ വാക്കുലകത്തിലാദ്യ-
മാത്മാവസാദപ്രദമാരുരച്ചു;
അവന്റെ നാവാമസിയേററു മർത്ത്യ-
നാലസ്യകൂപത്തിലധഃപതിച്ചു. ൨൫

അസാദ്ധ്യം!— ഇസ്സംസൃതിസിന്ധുവിമ്മ-
ട്ടാകല്പകാലം പ്രവഹിച്ചിടുമ്പോൾ;
തപിച്ചു നീർത്തുള്ളിയുമാവിയായി-
ത്താരാപഥത്തോളമുയർന്നിടുമ്പോൾ; ൨൬

സച്ചിന്മഹസ്സോട്ടമരക്ഷണത്തിൽ
സായുജ്യമേല്പാൻ കഴിവുള്ള മൎത്ത്യൻ
അവൻെറ വീൎയ്യം ഗ്രഹിയാതെയെന്തി-
ന്നബദ്ധ, മല്പല്ലവിയാലപിപ്പൂ? ൨൭
(യുഗ്മകം)

എടോ കിടാവേ! ശരി നീ കൊതിപ്പ-
തേണാങ്കബിംബം കരതാരിലാവാൻ.
ആയാലുമാകായ്കിലുമെന്തു? നിന്നി-
ലററംവരയ്ക്കുക്കൊതി നിന്നിടട്ടേ. ൨൮

പരസ്വമാകേണ്ടതുമായതും നീ
പാടില്ല കാമിപ്പതു; പാപമാകാം;
ആൎക്കുള്ളവിത്താം ശശി? ആരവങ്ക-
ലത്യാശയോന്നാലപരാധിയാവോൻ? ൨൯

സൽകൎമ്മനിശ്രേണി ചമച്ചതിങ്കൽ
ഛന്ദോഗർ കാണിച്ച വഴി*ക്കുകേറി
ചന്ദ്രങ്കലെത്താമൊരുനാൾ ശരിക്കെൻ
തങ്കത്തിനൊററസ്സുതകം കഴിഞ്ഞാൽ. ൩൦

* ഛാന്ദോഗ്യോപനിഷത്തിലെ ധൂമമാൎഗ്ഗം.

അല്ലെങ്കിൽ വൈജ്ഞാനികശാസ്ത്രമേകു-
മാകാശയാനം വഴി പാഞ്ഞു വത്സൻ
സജ്ജീവനായ് ചന്ദ്രനു കൈകൊടുക്കാം
ശുക്രൻ പകച്ചങ്ങതു കണ്ടു നിൽക്കെ. ൩൭

അതല്ലയെന്നാലവദാതമാകു-
മാചാരമാർന്നന്നരിമക്കിശോരൻ
പ്രശസ്തനാകെ, പ്രകടീഭവിക്കാം
പാരിന്നു വേറിട്ടൊരു പാവ്ണേന്ദു. ൩൮

അന്നന്നു ലോകത്തിനു വാച്ച താപ-
മന്നന്നു പോക്കുന്ന കരങ്ങളേന്തി
ഉദിച്ചിടാമുന്നതിയിലുഴിമാതി-
ന്നാല്പ്പൂകളിപ്പിപ്പതിനുത്സുകത്വം. ൩൯

വൈരം തമസ്സൊന്നൊടിയന്നു, വക്ത്രം
മന്ദസ്മിതംകൊണ്ടു മനോജ്ഞമാക്കി
ചരിച്ചിടാമോമന സൽപഥത്തിൽ
സമ്പൂർണ്ണസൌഖ്യം സകലക്കുമേകി. ൪൦

താൻ നേടിവെച്ചീടിന ചാരുനത്തെ-
ത്തൻമാറിടത്തിങ്കലണിഞ്ഞിടാതെ,

അങ്ങുള്ള പാംശ്ശേറഴിയാതെ, മിന്നാ-
മപ്പു,ന്ന തന്ന്യക്കഖിലക്ഷേമമേകി. ൩൫

മിഥ്യാഭിജാത്യക്കെട്ടഗർവ്വു മെയ്യുക
വിലങ്ങുവെച്ചാലതു വെട്ടിമാററി
മകന്നു ചെല്ലാം മനതാരലിഞ്ഞു
മാടത്തിലും മാളികയിൽക്കണ്ണനെ. ൩൬

മാസാദ്ധ്വമാർജ്ജിച്ച വസുക്കൾകൊണ്ടു
മാസാദ്ധ്വദാനം പതിവായ് നടത്തി
ആ ചാർവ്വനാകാമഖിലക്കുമുണ്ണി-
ക്കന്ന്യാർത്ഥമുള്ളോരസുധാരണത്തിൽ. ൩൭

തനിക്കു പററും ക്ഷതിയിങ്കൽനിന്നു
തൻപൌരുഷത്താലഭിവൃദ്ധിനേടി
താതന്നു കാട്ടാം വ്യവസായബന്ധു
ദൈവത്തൊടെന്നും സമശീർഷനെന്നായ്. ൩൮

ധ്യാനിച്ചിവണ്ണം ശശിയെ ക്രമത്തിൽ
തദ്രൂപനായാൽ സമയം വരുമ്പോൾ
മറഞ്ഞിടാം വത്സന വംശതന്തു
മായാപ്പകൽത്തിങ്കളെ മന്നിൽ നിർത്തി. ൩൯

വൻക്രൂരിരുട്ടിൻ വദനത്തിൽ വീഴും
മർത്ത്യവ്രജത്തിന്നു വലച്ചിൽ നീങ്ങാൻ
കനിഞ്ഞു കാട്ടും വഴി മുന്നിൽനിന്നു
കല്പാന്തകാലംവരെയപ്രദീപം. ൪൦

വിരിഞ്ചനും കാലവശൻ ജഗത്തിൽ
മിന്നാമിനുങ്ങിൻ കളി കാട്ടിനിൽക്കെ
എനിക്കു പോരേ ചരിതാൎത്ഥനാവാ-
നെൻപുത്രനും പൌത്രനുമേവമായാൽ? ൪൧

കണ്ണീരു നീ വാൎപ്പതു മേലിൽ നിൻെറ
കാൎയ്യദ്രുമം കായ്പതിനായിടട്ടേ;
കരച്ചിലിക്കേൾപ്പതു നിൻജയത്തിൻ
കല്യാണശംഖധ്വനിയായ് വരട്ടെ. ൪൨

കവേ! ശിശുക്കൾക്കടിശിക്ഷ നൽകാൻ
കല്പിച്ചൊരങ്ങെത്ര കഠോരചിത്തൻ!
താരും ചരൽക്കല്ലുമിണക്കി മാല
സരസ്വതിക്കങ്ങു ചമച്ചുവല്ലോ!! ൪൩

പ്രിയേ! നിനക്കുണ്ണികളെപ്പുലൎത്താൻ
പിതാമഹൻ നൽകിന ബാഹുവല്ലി

മകൻെറയീ മാന്തളിർമേനിയിങ്കൽ
വജ്രായുധംപോലെ പതിച്ചിടാമോ? ൪൪

ചിന്തിച്ചുനോക്കൂ! ദയിതേ! നമുക്കു
തിങ്കൾക്കിടാവിച്ചെറുപൈതലല്ലീ?
ഇത്തിങ്കൾ നേടാൻ കൊതിപൂണ്ട നമ്മെ-
യീശൻ ഹനിപ്പാൻ തുനിയാത്തതെന്തേ? ൪൫

സത്താകുമാശയ്ക്കു ഫലത്തെ നൽകും
സർവ്വേശ്വരൻ സഖി! വിശ്വസിക്കൂ!
തങ്കക്കുടത്തെസ്സകലേന്ദുഭക്തി-
സമ്പന്നനാക്കൂ! ചരിതാർത്ഥനാക്കൂ!" ൪൬

ആനന്ദബാഷ്പപ്പുതുമുത്തുമാല-
യണിഞ്ഞ പോർകൊങ്കകളോടു കൂടി
മണാളനോതും മൊഴി മങ്ക കേട്ടാൾ;
മാറത്തണച്ചാൾ മകനെപ്പുണർന്നാൾ. ൪൭

'നീവെന്നു കുഞ്ഞേ! നിലവിട്ടൊതുങ്ങി
നിന്നമ്മ'യെന്നമ്മടവാരുരയ്ക്കെ
'വെൽവൻ ശരിക്കാരെയു'മെന്നു ചൊൽവൂ
വെൺമുത്തൊളിപ്പുഞ്ചിരി തൂകി വത്സൻ. ൪൮

‘അതേ! ജയിക്കായ് വരുമെൻകിടാവി-
ന്നശേഷലോകത്തെയു’മെന്നു ചൊല്ലി
കുനിഞ്ഞു ചുംബിച്ചു യുവാവവൻെറ
കുഞ്ഞിക്കവിൾത്തട്ടുകൾ രണ്ടുവട്ടം. ൪൯

‘തഥാസ്തു’വെന്നായ് വിവിധാഗമങ്ങൾ
സമാശ്രയിക്കും ദ്വിജരോതിടുന്നു;
ചന്ദ്രൻ നഭസ്സിങ്കലതൊക്കെ നോക്കി-
സ്സാകൂതമന്ദസ്മിതമാർന്നിടുന്നു. ൫൦

——(൦)——

# അത്മമിത്രം.

---

വിണ്ണാററിൻവെള്ളത്തോടോതുന്നു ചാരായം:
“നിന്നിൽനിന്നെൻനിലയെത്ര മെച്ചം!
ആരെയും തീരാത്ത ദാഹത്തിൽ വീഴ്ത്തുവോ-
നാരേയും ഭ്രാന്തിൽ ഞാൻ മത്താടിപ്പോൻ.
നിന്നെക്കൊണ്ടെന്താവും?” മൂകമാം ഗംഗാംബു
കണ്ണുനീർ തൂകുന്നു കാരുണ്യത്താൽ.

*　　*　　*　　*

സാദ്ധ്വിയോടോതുന്നു ധൂളിപ്പെ“ണ്ണെന്നെ നീ
പാർത്തുവോ? ഞാനെത്ര ഭാഗ്യമുള്ളോൾ!
ഏതു പൂമ്പാററയെൻ മെയ്ത്തീയിൽ വേകുന്നീ,-
ലേതുകൈക്കോട്ടു ഞാനേകുന്നില!
ആനന്ദമെന്തുനീ കണ്ടു”? തൻ കാതിൽക്കൈ-
യാനതവക്ത്രയായ് വയ്പൂ സാദ്ധ്വി.

*　　*　　*　　*

വൈദ്യനോടോതുന്നു പോരാളി: “ഞാനെത്ര
കീർത്തിമാൻ! കൈനിലച്ചഞ്ജലി നീ.
ഏതൊരു മെയ്യിലും പായുവോന്നെൻ ശസ്ത്ര,-
മാതുരൻതൻ മെയ്യിൽ നിന്റെ ശസ്ത്രം.

ഞാനല്ലീ നിൻ വൃത്തി പാലിപ്പോൻ?'' പുഞ്ചിരി
താനറിഞ്ഞീടാതെ കൊൾവൂ വൈദ്യൻ.

*    *    *    *

യോഗിയോടോതുന്നു വിത്തേശൻ: "ഞാനത്രേ
യോഗവാൻ; നീയല്ലീ പിച്ചതെണ്ടി?
മേടയും മെത്തയും ധാന്യവും നാണ്യവും
പേടമാൻനേർമിഴിമാരുമെന്യേ
എന്തിന്നു ജീവിതം?'' താപസൻ ലോകത്തി-
ന്നന്ധതയോർത്തുനിന്നമ്പരപ്പൂ.

*    *    *    *

ഭൌതികവിജ്ഞാനമദ്ധ്യാത്മജ്ഞാനത്തോ-
ടോതുന്നു: സോദര! പോരും ധ്യാനം!
ലോകത്തിന്നൽഗതി ഞാനല്ലീ സാധിപ്പൂ?
ദേഹിക്കു ദൈവത്തിൻ ഒമന്മ ചേപ്പൂ?
പാഴ്ക്കിനാവെന്തുണ്ടു നേടുവാൻ?'' ആ വാക്കു
കേൾക്കുന്നീലദ്ധ്യാത്മജ്ഞാനമേതും.

# ആ കണ്ണുനീർ.

---

## I

ആക്കണ്ണീർ—അതേ! പണ്ടു നാരദമഹർഷിതൻ
വാഗ്ഗങ്ഗയ്ക്കകം മുങ്ങിശ്ശുദ്ധമാം മനസ്സോടും
കോൾമയിർക്കൊള്ളുന്നതാം മെയ്യോടും തപോനിധേ!
വാല്മീകേ! ഭവാനാററിൽ മദ്ധ്യാഹ്നസ്നാനത്തിനായ്
പോകവേ; നീഡദ്രുമപ്പൂന്തേനാൽ യഥാകാല-
മാഗന്തു മന്ദാനിലന്നാതിഥ്യമാമ്മട്ടേകി
വാണിട്ടും യുവക്രൌഞ്ചയുഗ്മത്തിൽ ഗൃഹേശനെ-
ബ്ബാണമെയ്തന്യായമായ് ലുബ്ധകൻ വധിക്കവേ;
വൈധവ്യശോകാഗ്നിയാൽ തപ്തയാം തൽപത്നിതൻ
രോദനം ഭൂദേവിതൻ കർണ്ണങ്ങൾ ഭേദിക്കവേ;
കണ്ടുപോലങ്ങക്കാഴ്ച—യല്ലല്ലക്രൂരന്മുടൻ
കൊണ്ടുപോൽ കടന്നങ്ങേക്കണ്ണിലും കാരുണ്യാബ്ധേ!
തീക്കനൽദ്രവം കണക്കപ്പൊഴങ്ങുതിർത്തതാ-
മാക്കണ്ണീർക്കണം രണ്ടുമാക്കിത്താൻ മറക്കാവൂ!

## II

മൌലിയിൽക്കിരീടമായ് മഞ്ഞിൻകുന്നിനെച്ചൂടി,
മാറിങ്കൽപ്പൂണാരമായ് വാനോരാററിനെച്ചാർത്തി,
വാണിടും പുണ്യക്ഷോണി കൂടിയും സന്താപത്തിൻ
ഹാനിക്കക്കണ്ണീർക്കണം കാത്തിരിക്കതാൻ ചെയ്തു.
ആത്തപ,സ്സാസ്വാദ്ധ്യായ,മാപ്രജ്ഞ,യാവിജ്ഞാന,-
മാദ്രി,ഹാ ച്ചുഴക്കരപ്പൂങ്കാ,വാനട്ടച്ചയും
മുന്നവും വാഗ്ദ്വാരങ്ങൾ മൂല്യമായെന്നേകിയ-
ക്കണ്ണുനീർമു,ത്തന്നു താൻ കാവ്യകൃൽപദം നേടി.
ശ്ലാഘ്യനാം വീണാവാദപ്പാത്രനാകിലും ഭവാ-
ന്നാക്കണ്ണീർക്കണ്ണോടി താൻ കാണിച്ചു രാമായണം.
അക്കൻ തൻ കരത്തിനാൽത്തങ്കമിട്ടൊരാ വൈര-
ക്കൽക്കമ്മൽ കാതിൽച്ചാർത്തിക്കാരുണ്യസ്മിതം തൂകി
ഭർത്താവിൻ ശ്രുത്യുക്തിയാൽ കല്പിച്ച ജിഹ്വാഗ്രം വി-
ട്ടെത്തിനാൻ നൃത്തം ചെയ്യാൻ വാഗ്ദേവിയങ്ങേ നാവിൽ.

## III

അക്കണ്ണീർ നടയ്ക്കൽനിന്നത്ഥികൊരാഢ്യൻവീഴ്ത്തും
കൈക്കുമ്പിൾത്തണ്ണീർ—ഭള്ളിൻ ശൈവലക്കിക്കേയകം-

[അല്ല.

അങ്ങും പണ്ടൊവേടന്റെ വൃത്തിതാൻ കൈക്കൊണ്ടു- [പോ-
ലങ്ങെക്കൈയമ്പും ഖഗപ്രാണങ്ങൾ ഭക്ഷിച്ചപോൽ.
നൂനമങ്ങതിത്തൊരക്കണ്ണുനീ,രതിന്മൂലം
സ്വാനുഭൂതിയാൽ ശുദ്ധം--സ്വാനുതാപത്താൽ ശുദ്ധം.
പാൎത്തിടാമങ്ങേസ്സൂക്തിയോരോന്നുമത്തിവ്യാശ്രു-
തീൎത്ഥത്തിൽമജ്ജിക്കയാൽ സ്നിഗ്ദ്ധമായ്, പ്രസന്നമായ്.
ശാസിച്ചു ചെങ്കോലേന്തി ലോകത്തെധൎമ്മം;പിന്നെ-
ബ്ഭാഷിച്ചു സൌഹാർദ്ദത്തിൽ തന്മാൎഗ്ഗം ചരിക്കു- [വാൻ;
ആന്തരം ഫലിച്ചീല; വേണമായതിന്നോമൽ-
കാന്തതൻ പുഞ്ചിരിക്കൊഞ്ചലും കൺകോണേറും.
അത്തരം കാവ്യാങ്ഗനാരത്നത്തെജ്ജനിപ്പിപ്പാൻ
ശക്തനായ്ത്തീൎന്നു ഭവാനക്കണ്ണീരുതിക്കവേ.

IV

ആക്കണ്ണീൎപതിക്കയാലാൎദ്രമാം ഭൂഭാഗം താ-
നാകമ്രപൂണ്ടഹിംസയാമൌഷധിക്കാരാമമായ്.
അപ്പക്ഷിക്കന്നൊളിലങ്ങത്തരം നൈവാപാംബു
തപ്പിക്കെജ്ജപിച്ചതാം 'മാനിഷാദാ'ദ്യം മന്ത്രം—

ആദ്യത്തെച്ചതുഷ്പാത്താം ഗായത്രി—ധരിത്രിത-
ന്നാത്തിയെശ്ശമിപ്പിക്കും കാമധേനുവുമായി.
"ചേണിലിബ്ബ്രഹ്മാണ്ഡത്തെയേകനീഡമായേവൻ
കാണുവോനദ്ധന്യൻതാൻ ക്രാന്തദശനൻ കവി."
ഇത്തത്വം പഠിപ്പിപ്പൂ ലോകത്തെബ്ഭവാന്റെയ-
ത്യുഷ്ണമാം ബാഷ്പാംബുവിൻ സമ്പാതം പുരാതനം.
ആ നവ്യം തണ്ണീത്തുററിൽനിന്നു താൻ പാഞ്ഞിട്ടുന്നു
ന്നുനമിപ്പൊഴും സാക്ഷാൽ സാഹിതീസരസ്വതി.
ആനൃശംസ്യധമ്മോപജ്ഞാതാവേ! നമസ്കാര-
മാനന്ദഫലങ്ങളാമാഗ്ദ്ധാതാവേ! നമസ്കാരം!

# ഭാവി.

ഭാവിയെപ്പരീക്ഷിപ്പാൻ ദീപത്തിൻ പുരോഭ്രുവിൽ
ദൈവജ്ഞൻ പരൽവാരി വെച്ചെന്തോ ഗണിക്കുന്നു.
ആ വിളു,ക്കട്ടെത്തുള്ള ക്രൂരിരുട്ടവങ്കലോ
മേവിടുന്നതെന്നോൎത്തു നോക്കുന്നു കൺചിമ്മാതെ.
അങ്ങെഴും പരൽക്കൂട്ടം; "ഞങ്ങളോ നക്ഷത്രങ്ങ-
ളങ്ങേടെക്കൈക്കൊതുങ്ങുവാനോ?" എന്നോൎത്തു ചിരിക്കുന്നു.
ക്രുദ്ധന്തു തൽസംഘർഷം: "ആമെങ്കിലെന്തു ചെന്നു
താരകപ്പരൽ വാനാം നീലക്കല്പലകയിൽ!"
ഗൌളിതൻ വാക്കും കേൾപ്പൂ: "ഏത്തിങ്കൽത്തീ-
[വെച്ചുംതി
നാളത്തെപ്പുഴത്തെ നാമിപ്പോഴേ പുകയ്ക്കേണ്ട.
ജാതകം കുറിച്ചിട്ടുണ്ടീശനൊന്നെല്ലാപേൎക്കും—
'ജാതന്നു തിട്ടം മൃത്യു.' വേണ്ടതെന്തതിന്മീതേ?
നന്മയ്ക്കിക്ഷണംതന്നെ മൎത്ത്യന്നു ലഗ്നം; വേള
തിന്മയ്ക്കില്ലെന്നാളുമീയസ്ഥിരസ്വല്പായുസ്സിൽ."

# കാലം.

---

കാലമാം ചതുഷ്പാത്തിൻ പിന്നിൽനിന്നോതീടുന്നു
"കാലമൊക്കെയും ചെയ്യും; ചെയ്യുന്നു"ണ്ടെന്നായ്
[ച്ചിലർ.
ആ വാക്യം കാലം കേട്ടു പിൻതിരിഞ്ഞുരയ്ക്കുന്നു;
"ദൈവാദിഷ്ടം താനെനിക്കെൻ ധർമ്മം—പുരോഗതി.
പക്ഷേ ഞാൻ ഗുരുത്മാന,ല്പാല്പം മുന്നോട്ടു കാൽ
വെച്ചുവെച്ചിഴഞ്ഞിഴഞ്ഞെൻലക്ഷ്യം നോക്കിപ്പോം;
എത്രമേൽ ഭാരം മർത്ത്യരെൻചുമൽപ്പാട്ടിൽക്കേറ്റു-
മത്രമേൽപ്പതുക്കെയാമെൻയാനം തദുന്മുഖം.
എൻപേരിൽ നിങ്ങൾക്കില്ല വിശ്വാസം; ഉണ്ടെ-
[ന്നാകി-
ലെൻഭാരം കുറെച്ചേറാൻ നിങ്ങൾക്കും ശിരസ്സില്ലേ?
എന്നെവിട്ടൊഴിഞ്ഞാലും പോരുമിപ്പിട്ടോതാതെ
പിന്നിൽനിന്നെൻ കാൽ കെട്ടും സൂത്രക്കാർ ഭവാദൃശർ.
'കാലമൊക്കെയും ചെയ്യും!' ചെയ്യില്ലേ? നിങ്ങൾക്കെന്തു
വേലയീമന്നിൽപ്പിന്നെ? തീററിയും തിമിർപ്പുമോ?"

# സ്വർഗ്ഗവും നരകവും.

———

നാകമാം വെൺമാടവും നാരകച്ചുള്ളിക്കുണ്ടും
ലോകനായകൻ തീർത്തു മർത്ത്യരോടരുൾ ചെയ്തു;
"എങ്ങോട്ടു പോകും നിങ്ങൾ?" ഏവരും ചൊന്നാ-
[രൊപ്പം:
"ഞങ്ങൾപോം വെണ്മാടത്തിൽ; കുണ്ടിൽച്ചെന്നെവൻ
[വീഴും?"
"[redacted]നിൽക്കുവിൻ വത്സർ." എന്നോതി ക്ഷണം
[തീർത്താൻ
പൊന്നിനാൽക്കുണ്ടിൻ പാത; വർഷിച്ചാൻ രത്നങ്ങളെ;
കണ്മനത്തേല്പാൽ വിശ്വം കാൽക്കീഴിലാക്കും വേശ്യ-
പ്പെൺമണിക്കൂട്ടത്തെയും നിർത്തിനാനെങ്ങും നീളെ.
കണ്ടകം വാരിത്തൂകി വാളിൻ വായ്ത്തലയ്ക്കൊപ്പം
വിണ്ടലപ്പാതയ്ക്കുള്ള വിസ്താരം ചുരുക്കിനാൻ.
ത്യാഗിതന്നധ്വാവന്നു കൈകാട്ടിത്തൂൺനാട്ടിനാൻ:—
ഭീകരം, മരുപ്രായമമ്മാർഗ്ഗം സുദുർഗ്ഗമം.
"പോരുവിൻ വേണ്ടും വഴി"ക്കെന്നജൻ ചൊല്ലീ-
[മുന്നേ
നാരകം നരാകീർണ്ണം! നിർമ്മർത്ത്യഗന്ധം നാകം!!

—(o)—

# താരകോപദേശം.

"താഴത്തു നില്ക്കുന്നോരെയാട്ടൊല്ലേ; പെററമ്മയാ-
മൂഴിയെക്കണ്ണീരാററിൽ മുക്കൊല്ലേ മനുഷ്യരേ!"
വ്യോമത്തിൽ സന്ധ്യയ്ക്കൊന്നു നോക്കിയാൽക്കാണും [നമ്മ-
ളീമട്ടിൽക്കൺകൊണ്ടോരോന്നോതിടും താരങ്ങളെ —
എത്രയോലക്ഷം—ഭൂവാം സോദരി തന്നാർത്തിക-
ണ്ടത്രമേൽ മാഴ്കും ദ്യോവിൻ ബാഷ്പാംബുബിന്ദുക-
ളോതുന്നു മാലാൽ നാക്കു പൊങ്ങാത്തോരവർ: "ഞ
പാദത്താൽ മർദ്ദിപ്പീല നിങ്ങളാമധഃസ്ഥരെ.
നിങ്ങളെക്കനിഞ്ഞെന്നും നോക്കുന്നുണ്ടസ്മദ്ദൃഷ്ടി;
നിങ്ങൾതൻ പുരസ്കൃതിക്കായുന്നുണ്ടസ്മൽകരം.
കൺതെളിച്ചവും നിങ്ങൾക്കുൾക്കുളിർച്ചയും നൽകും
ബന്ധുക്കളുച്ചസ്ഥരാം ഞങ്ങളേ തിരവിലും.
നിങ്ങൾക്കും ഞങ്ങൾക്കുമായ് വാച്ചിടും ദൂരം തമ്മിൽ
നിങ്ങൾക്കില്ലല്ലോ! പിന്നെയെന്തിനിപ്പൃഥഗ്- [ഭാവം?"

29 JUL 1964